കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# വളയം ഗ്രാമപഞ്ചായത്ത് 2017-18
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ. കെ.കെ.ഡി. പി.11/2496/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട് ജില്ല

തീയതി 26.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖേന)

വളയം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വളയം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളയം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള സംസ്ഥാന ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. കെ.കെ.ഡി. പി.11/2496/2018 തീയതി 26.12.2018

## കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -

വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 1.04.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ് മാവേലി പുത്തൻവീട് ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2018 മുതൽ 31.10.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഗിരീശൻ പാറപൊയിൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജയകുമാർ പാലോളി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനോഹരൻ.എ. വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജാസിർ.സി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എം.സുമതി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ അശോകൻ കെ.കെ | 01.04.2017 മുതൽ 15.05.2017 വരെ |
| | ശ്രീ സുകുമാരൻ. ടി (സെക്രട്ടറി ഇൻ ചാർജ്) | 16.05.2017മുതൽ 07.06.2017വരെ |
| | ശ്രീ മധുമോഹനൻ. കെ | 08.06.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ സുകുമാരൻ ടി | 01.04.2017മുതൽ 17.06.2017വരെ |
| | ശ്രീ വിനോദൻ കെ.കെ | 18.06.2017 മുതൽ 31.03.2018വരെ |
| അസി.എഞ്ചിനീയർ* | ശ്രീ. രവി. കെ. | 01.04.2017 മുതൽ 30.06.2017 |
| | ശ്രീ. ഹരീഷ് കുമാർ | 17.07.2017 മുതൽ 14.09.2017 |
| | ശ്രീ. അബ്ദുൾ മുനാഫ് ടി.എം | 27.10.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ഷർഷീല മറിയം | 01.04.2017 മുതൽ 30.06.2017 വരെ |
| | ശ്രീമതി അശ്വതി സി.എൻ ഇളമൺ | 30.06.2017മുതൽ 27.12.2017വരെ |
| | ശ്രീമതി നീതു തങ്കം.സി | 27.12.2017മുതൽ31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ.പി ഗിരീഷ് കുമാർ | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്. സി) | ഡോ.ശശീന്ദ്രൻ. കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അജിത് കുമാർ വി.ജി | 01.04.2017 മുതൽ 3.06.2017 |
| | ഡോ.കവിത. പി.സി | 15.06.2017 മുതൽ 03.07.2017 വരെ |

| | | |
|---|---|---|
| | | |
| | ഡോ. സ്വപ്ന. സി | 21.08.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. പ്രഭാകരൻ.കെ | 01.04.2017മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. റിനി. എ | 01.04.2017മുതൽ 20.08.2017വരെ |
| | ശ്രീമതി. മാധവി. വി | 21.08.2017 മുതൽ 27.11.2017 വരെ |
| | ശ്രീമതി. ഗീത. എം. | 28.11.2017മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വിജയൻ. കെ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീ. ജോണി. ആർ. | 01.04.2017മുതൽ 31.03.2018വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | ഭാഗം-1 | ഖണ്ഡിക |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | ആഭ്യന്തര നിയന്ത്രണ സംവിധാനം - പോരായ്മകൾ പരിഹരിക്കേണ്ടതാണ്. | 2-1 |
| 14 | വസ്തു നികുതി -നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല | 2-2 |
| 15 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല | 2-3 |

| | | |
|---|---|---|
| 16 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ അപാകത-നഷ്ടം | 2-4 |
| 17 | ഡി&ഒ ലൈസൻസ്- ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നില്ല | 2-5 |
| 18 | വിവിധോദ്ദേശ്യങ്ങൾക്കുള്ള/സംയുക്ത പ്രൊജക്ടുകൾക്കുള്ള ഫണ്ട് പരിപാലനത്തിൽ അപാകത | 2-6 |
| | ഭാഗം-3 | |
| 19 | മരാമത്ത് പ്രവൃത്തികൾ -നിർവ്വഹണത്തിൽ അപാകതകൾ. | 3-1 |
| 20 | പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നടത്തിപ്പിലും നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | 3-2 |
| 21 | സ്ട്രീറ്റ് ലൈറ്റ്മീറ്റർ സ്ഥാപിക്കൽ നളിതുവരെയായും പ്രവൃത്തി പൂർത്തീകരിച്ചില്ല. | 3-3 |
| 22 | ആദായ നികുതി ഈടാക്കിയതിൽ കുറവ് | 3-4 |
| 23 | വിതരണത്തിനായി വാങ്ങിയ കാർഷീക വിത്തുകളും തൈകളും മുഴുവനായി വിതരണം ചെയ്തില്ല | 3-5 |
| 24 | സബ്സിഡി നിർദ്ദേശങ്ങൾ പാലിക്കാതെ പ്രൊജക്ടുകൾ നടപ്പിലാക്കി | 3-6 |
| 25 | പദ്ധതി ആസൂത്രണം , നിർവ്വഹണം- വിവിധ മേഖലകളിൽ അപാകതകൾ | 3-7 |
| 26 | പദ്ധതി നിർവ്വഹണച്ചെലവുകൾ- ചെലവ് പത്രികയിൽ രേഖപ്പെടുത്തുന്നത് അപൂർണ്ണം. | 3-8 |

| | | |
|---|---|---|
| | | |
| | ഭാഗം-4 | |
| 27 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 30 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 31 | സ്ഥിര നിക്ഷേപം | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 34 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-11 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29.3.17 തീയതിയിലെ 1/2017(2) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 23.3.18 തീയതിയിലെ 31/18 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31.07. 2018 | 04.06.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.18-28.06.18 | കെ എസ് എ കെ കെ ഡി/ഇ2/ 1111/2018(67) തീയതി 10.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7640908 |
| വരവ് | 42854086 |
| ആകെ | 50494994 |
| ചെലവ് | 48353392 |
| നീക്കിയിരിപ്പ് | 2141602 |

സംയുക്ത ഫണ്ടുകൾ വിനിയോഗിക്കുന്നതിലും നീക്കിയിരിപ്പ് തുക കൈകാര്യം ചെയ്യുന്നതിലും അപാകതകളുള്ളതായി ശ്രദ്ധയിൽപെട്ടത് ഖണ്ഡിക 26ൽ വിശദമാക്കിയിട്ടുണ്ട്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11000000 | 11000000 | 9599032 | 1400968 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 557660 | 557660 | 446210 | 111450 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 707712 | 707712 | 690000 | 17712 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7021250 | 7021250 | 5858018 | 1163232 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3105006 | 3105006 | 3085501 | 19505 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5165780 | 5165780 | 2135072 | 2952840 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 2521219 | 2521219 | 1812702 | 708517 |
| ദുരിതാശ്വാസനിധി | | 12627 | 1393 | 14020 | 0 | 14020 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 19277523 | 19277523 | 19277523 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 38719 | 954792 | 993511 | 958480 | 35031 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ടി എസ് സി 1<br>ടി എസ് സി 2 | 131869<br>0 | 141890<br>25000 | 273759<br>25000 | 124307<br>7200 | 149452<br>17800 |
| | ഐ സി ഡി എസ് | 217813 | 471414 | 689227 | 258051 | 431176 |
| | മറ്റ് കേന്ദ്രഫണ്ടുകൾ (എം പി) | 5054 | 2818 | 7272 | 0 | 7272 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ട്രൈബൽ സബ് പ്ലാൻ | 0 | 985000 | 985000 | 0 | 985000 |
| | സാക്ഷരത | 1057 | 32 | 1089 | 0 | 1089 |
| | ഷെൽട്ടർ ഹോം ധനസഹായം | 0 | 280000 | 280000 | 0 | 280000 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 600000 | 600000 | 146688 | 453312 |
| | ജില്ലാ പഞ്ചായത്ത് | 0 | 3470000 | 3470000 | 120000 | 3350000 |
| ബി ഫണ്ട് | തൊഴിൽ രഹിത വേതനം | 0 | 61800 | 61800 | 61800 | 0 |
| | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 120000 | 120000 | 120000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 6341420 | 6383000 | 12724420 | 6832805 | 5891615 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2789387 | 5104159 | 7893546 | 6997413 | 896133 |
| | ട്രഷറി അക്കൗണ്ട് | 4521079 | 8491808 | 13012887 | 12929470 | 83417 |
| മറ്റിനം | സ്പെഷ്യൽ ടി എസ് ബി | 0 | 4070000 | 4070000 | 3929688 | 140312 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 143 | 50668352 | 86 | 24223387 | 11 | 46 | 60.14 |

ഓഡിറ്റ് വർഷത്തിൽ 5.06 കോടി രൂപ വകയിരുത്തി 47 സ്പിൽ ഓവർ പ്രോജക്ട് ഉൾപ്പടെ 143 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയെങ്കിലും 97 പ്രൊജക്ടുകൾക്ക് മാത്രമാണ് പൂർണ്ണമായോ ഭാഗികമായോ തുക വിനിയോഗിച്ചത്.ഇതിനായി ആകെ 2.42 കോടി മാത്രമാണ് വിനിയോഗിക്കാനായത്. വിനിയോഗിക്കാൻ കഴിയാതെ വന്ന 2.64 കോടി രൂപയിൽ 1.8 കോടിരൂപ സർക്കാർ ഗ്രാന്റുകളായതിനാൽ സാമ്പത്തിക വർഷാവസാനം നഷ്ടപ്പെട്ടിരിക്കുകയാണ്. ആസൂത്രണത്തിലെ വീഴ്ച,സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പിലാക്കാതിരുന്നത് എന്നിവ പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയ്ക്കും ആത്യന്തികമായി ഫണ്ട് നഷ്ടത്തിനും കാരണമായി.ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഭാഗം 3ലെ ബന്ധപ്പെട്ട ഖണ്ഡികകളിൽ വിശദമാക്കിയിട്ടുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 38719 | 954792 | 993511 | 958480 | 35031 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 19277523 | 19277523 | 19277523 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 61800 | 109 |
| കർഷകതൊഴിലാളി പെൻഷൻ | 9153500 | 754 |
| വിധവാപെൻഷൻ | 8933900 | 806 |
| വാർദ്ധക്യകാലപെൻഷൻ | 9048800 | 883 |
| വികലാംഗപെൻഷൻ | 2767400 | 249 |
| 50 വയസ്സിനുമുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 316800 | 26 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26574/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ചില പോരായ്മകൾ ശ്രദ്ധയിൽപെട്ടത്, പരിഹാര നടപടികൾക്കായി ഖണ്ഡിക 2-1 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.02.2018 | ജനവരി 2018 | PAUCHD/PT1/VLM/01/18-19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.11.2009 | 2004-05 മുതൽ 2008-09 വരെ | എൻ.ബി.എ.(എച്ച്.ക്യു)111/8എ1515/561 തി.29.12.2009 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-1 പ്രകാരമുള്ള ക്ലോസിംഗ് ബാലൻസ് 888847/- രൂപയാണ്. എന്നാൽ ഈ വർഷത്തെ ട്രയൽ ബാലൻസിൽ മുന്നിരിപ്പായി കാണിച്ചിരിക്കുന്നത് 1465658.10 ആണ്.

2.മറ്റ് വരവുകളുടെ കൃത്യത പരിശോധിക്കാൻ മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3.ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ ആർ.പി 40 ൽ ഉൾപ്പെട്ടിട്ടുണ്ട്. ആയത് ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് ആസ്തികളിലേയ്ക്ക് വരവ് വെച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ആഭ്യന്തര നിയന്ത്രണ സംവിധാനം - പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

സാമാന്യം കുറ്റമറ്റ രീതിയിലുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനം ഓഫീസ് ഓർഡർ ഉൾപ്പടെയുള്ള പൊതുവായതും, സ്ഥാപനത്തിന്റെ വിവിധ മേഖലകളായ കണക്കു സൂക്ഷിപ്പ്, വരുമാനം കണക്കാക്കലും പിരിച്ചെടുക്കലും, പ്രവർത്തനങ്ങളുടെ സ്ഥാപന തല വിലയിരുത്തൽ എന്നീ തലങ്ങളും നിലനിൽക്കുന്നുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ വരുമാനത്തെയും, നിയമപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലെ കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്ന ചില പോരായ്മകൾ വിവിധ മേഖലകളിൽ നിലനില്ക്കുന്നതായി ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

1) കേരള പഞ്ചായത്ത് രാജ് ആക്ട് 156(4) ഡി പ്രകാരം പഞ്ചായത്തിനെ സംബന്ധിക്കുന്ന പണം കൊടുക്കലും പണം തിരികെ കൊടുക്കലും പ്രസിഡന്റ് അധികൃതപ്പെടുത്തേണ്ടതാണ്. എന്നാൽ തനത് ഫണ്ടിൽ നിന്നുള്ള ചെലവു വൗച്ചറുകളൊന്നും തന്നെ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതപ്പെടുത്തിയിട്ടില്ല. ഇത്തരം ചെലവുകൾ മുഴുവൻ അനധികൃതമായി എന്നതിനൊപ്പം ചെലവുകളുടെ മേൽ നോട്ട സംവിധാനത്തിൽ ഒരു പ്രധാന വിടവ് സൃഷ്ടിക്കപ്പെട്ടു എന്നതും പോരായ്മയാണ്.

2) വാർഷിക പദ്ധതികളുടെ ഭാഗമായി തനത് ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ/ഏജൻസികളുടെ വിഹിതമായി വകയിരുത്തുന്ന തുകകൾ എന്നിവ ചെലവഴിക്കുമ്പോൾ വെബ് സാംഖ്യയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ സുലേഖ സോഫ്റ്റ് വെയറിൽ നിന്നും ജനറേറ്റ് ചെയ്യുന്ന ചെലവു സ്റ്റേറ്റ് മെന്റിൽ ഇവ പ്രതിഫലിക്കുന്നില്ല എന്ന അപാകത നിലവിലുണ്ട്. പദ്ധതി ചെലവിനെകുറിച്ച് തെറ്റായ ചിത്രം നല്കാൻ ഇത് കാരണമാകുന്നു. കണക്കു സൂക്ഷിപ്പിലെ മേൽനോട്ട സംവിധാനത്തിൽ വീഴ്ചയുണ്ടെന്ന് ഇത് കാണിക്കുന്നു.

3) കെട്ടിടനിർമ്മാണം, കച്ചവടം തുടങ്ങി വിവിധ മേഖലകളിലെ നിയമപരമായ നിയന്ത്രണ സംവിധാനമായി പ്രവർത്തിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിൽ , കെട്ടിട നിർമ്മാണ പെർമിറ്റ് നല്കുന്നത് പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും പെർമിറ്റ് പ്രകാരമുള്ള കെട്ടിടങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നുണ്ടോ, അല്ലാത്തപക്ഷം പുതുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നില്ല. കെട്ടിടങ്ങളുടെ പൂർത്തീകരണം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല എന്നതിൽ നിന്നും ഇത് വ്യക്തമാകുന്നു. കൂടാതെ, ഓഡിറ്റ് വർഷത്തിൽ കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഇനത്തിലെയും റഗുലറൈസേഷൻ ഫീസ് ഇനത്തിലെയും വരവ് യഥാക്രമം 87128/-രൂപയും 80056/- രൂപയുമാണ്. അതായത് പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ ഏകദേശം പാതിയോളം നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതമായി നടക്കുന്നെന്ന് ഇത് വ്യക്തമാക്കുന്നു. എന്നാൽ സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിൽ ഒരു കെട്ടിടത്തിന്റെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നിയന്ത്രണത്തിലെ വീഴ്ചയ്ക്കൊപ്പം വരുമാനചോർച്ചയ്ക്കും ഇത് ഇടയാക്കുന്നു.

D&O ലൈസൻസിന്റെ കാര്യത്തിൽ ഓഡിറ്റ് വർഷത്തിൽ ഫീസിനത്തിൽ 42990/- രൂപയും അടുത്ത വർഷത്തെ മുൻകൂർ വരവായി 1300/- രൂപയുമാണ് വന്നിരിക്കുന്നത്. 2016-17 വർഷത്തിൽ മുൻകൂർ വരവ് 800/- രൂപ മാത്രമാണ്. ഇതിൽ നിന്നും നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ (മേൽ ലൈസൻസിന്റെ കാര്യത്തിൽ പുതുതായി

എടുക്കുന്നതും പുതുക്കുന്നതും ഒരു മാസം മുമ്പേയായിരിക്കണം. അതായത് പുതുക്കുന്നവയുടെ കാര്യത്തിൽ പെബ്രുവരി മാസത്തിനുള്ളിൽ ഫീസ് അടച്ച് അപേക്ഷ സമർപ്പിച്ചിരിക്കണം) ലൈസൻസ് പുതുക്കാതെയാണ് മുഴുവൻ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെന്ന് കാണാം.

ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം നിർണ്ണയിച്ച് കൊടുക്കാത്തതാണ് മേൽ അപാകതയ്ക്കുള്ള ഒരു പ്രധാന കാരണം .

4) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ മറ്റെല്ലാ വരവിനങ്ങളുടെയും കാര്യത്തിൽ വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല. വസ്തുനികുതി ഉൾപ്പടെയുള്ള വരവിനങ്ങളിൽ ഡിമാന്റിൽ പൂർണ്ണത കൈവരിക്കാത്ത കാര്യം ഭാഗം 2 ലെ മറ്റ് ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്.

മേൽ പോരായ്മകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) പ്രസിഡന്റ് സാക്ഷ്യപ്പെടുത്താതെ യാതൊരു ചെലവും സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നും വഹിക്കാൻ പാടില്ല. ഇതിനാവശ്യമായ സംവിധാനം നിലവിൽ വരുത്തേണ്ടതാണ്.

ബി) പദ്ധതി ചെലവുകൾ ചെക്ക് പ്രകാരം നല്കുന്ന സംഗതിയിൽ സമയബന്ധിതമായി വെബ് സാംഖ്യയിൽ എൻട്രി വരുത്തേണ്ടതാണ്. ഇത് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

സി) കെട്ടിട നിർമ്മാണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം കൂടി ഫീൽഡ് സ്റ്റാഫിനെ ഏല്പിച്ചുകൊണ്ട് ഓഫീസ് ഉത്തരവ് പരിഷ്കരിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

ഡി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ റിപ്പോർട്ടും, ഇതുമൂലമുണ്ടായ ഗുണഫലങ്ങളുടെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 2-2 <u>വസ്തു നികുതി -നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല</u>

സ്ഥാപനത്തിലെ നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ കെട്ടിടങ്ങളും നികുതി പരിധിയിൽ വന്നുവെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കണക്കുകളിലെ വിവിധ തലങ്ങളിലുള്ള പൊരുത്തക്കേടുകളും മറ്റ് അപാകതകളും ഇത് വ്യക്തമാക്കുന്നു. വിശദാംശം താഴെ കൊടുക്കുന്നു

<u>1.കണക്കുകൾ പൊരുത്തപ്പെടുന്നില്ല</u>

2013-14 വർഷം മുതൽ കെട്ടിട നികുതിയുടെ അസസ് മെന്റ്, ഡിമാന്റ് കലക്ഷൻ എന്നിവ സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ് ചെയ്തു വരുന്നത്. 2012-13 വർഷത്തിലാണ് മാന്വലായ ഡിമാന്റ് രജിസ്റ്റർ അവസാനമായി ആധികാരികമാക്കിയിരിക്കുന്നത്. ഈ ഡിമാന്റ് രജിസ്റ്റർ പ്രകാരം 4207 നികുതി ഡിമാന്റുകൾ സ്ഥാപനത്തിലുണ്ടായിരുന്നു. സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ പ്രകാരം 2013-14 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ആകെ 816 പുതിയ കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. (പുതിയ കെട്ടിടങ്ങൾ മേൽ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് ഡിമാന്റിനനുസരിച്ചാണ്. അതായത് ഒരു കെട്ടിടം പൂർത്തീകരിച്ച് നികുതി അസസ് ചെയ്യുന്നത് വ്യത്യസ്ത ഉപയോഗക്രമ പ്രകാരം ഒന്നിൽ കൂടുതൽ ഡിമാന്റുകളിലായായാണെങ്കിൽ അത്രയും പുതിയകെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്). മേൽപറഞ്ഞ പ്രകാരം 17-18 വർഷത്തിൽ ആകെ 5023 ഡിമാൻറ് (4201+816) ആണ് വരേണ്ടത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും

വാർഡ് തലത്തിലുള്ള (14 വാർഡുകൾ) ഡിമാന്റ് (റിപ്പോർട്സിലെ ഡിമാന്റ് രജിസ്റ്റർ പ്രകാരം) കൂട്ടിയാൽ 31.10.18 തീയതിയിൽ സ്ഥാപനത്തിൽ ആകെ 5856 ഡിമാന്റുകളുണ്ടെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ നാളിതുവരെ ആകെ 108 പുതിയ കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്.അതായത് 2017-18 വർഷത്തിൽ ആകെ ഡിമാന്റുകളുടെ എണ്ണം 5748 ആണെന്ന് കാണാം (5856-108) സ്ഥാപനം തന്നെ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 31.10.18 ന് 6571 കെട്ടിടങ്ങൾ അസസ് ചെയ്യപ്പെട്ടിട്ടുണ്ട്. അതായത് 17-18 വരെ അസസ് മെന്റ് 6463 ആണെന്നും കാണാം (6571-108) മേല്പറഞ്ഞതിൽ നിന്നും താഴെ പറയുന്ന പൊരുത്തക്കേടുകൾ വസ്തു നികുതിയുടെ കാര്യത്തിൽ നിലനില്ക്കുന്നതായി വ്യക്തമാകുന്നു.

| | | |
|---|---|---|
| 1 | 2012-13 വരെയുള്ള മാന്വൽ ഡിമാന്റ് രജിസ്റ്ററും 2013-14 മുതൽ 17-18 വരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും പ്രകാരം ഉണ്ടാകേണ്ട ആകെ ഡിമാന്റ് | 5023 |
| 2 | സഞ്ചയ റിപ്പോർട്ട് പ്രകാരം 2017-18 ലെ ആകെ ഡിമാന്റ് | 5748 |
| 3 | സഞ്ചയ റിപ്പോർട്ട് പ്രകാരം 2017-18 വരെ ആകെ അസസ് മെന്റ് | 6463 |

അസസ് ചെയ്ത എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ വരാത്തതിനാൽ (നികുതി ഒഴിവാക്കപ്പെട്ടവയുണ്ടെങ്കിൽ) ക്രമനം 2ഉം 3ഉം പൊരുത്തപ്പെടണമെന്നില്ല. എന്നാൽ ക്രമനം 1ഉം 2ഉം പൊരുത്തപ്പെടാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. കൂടാതെ ക്രമനം 2ഉം 3ഉം തമ്മിലുള്ള പൊരുത്തക്കേട് ഡിമാന്റിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണത്തിന് അനുസൃതമാണോയെന്ന് പരിശോധിക്കപ്പെടേണ്ടതുമുണ്ട്.

2. പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല. അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല.എന്നാൽ സ്ഥപാനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തതും നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്.

3 ലൈസൻസിംഗിലെ പ്രവണതകൾ പരിശോധിക്കപ്പെടുന്നില്ല

ഖണ്ഡിക 2-1(3) ൽ സൂചിപ്പിച്ചതുപോലെ കെട്ടിടനിർമ്മാണ ലൈസൻസ് മേഖലയിലെ പ്രവണതകൾ വിലയിരുത്തി അനധികത നിർമ്മാണത്തിന്റെ തോത് തിരിച്ചറിയാൻ സ്ഥാപനം ശ്രമിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഇനത്തിലെയും റഗലറൈസേഷൻ ഫീസ് ഇനത്തിലെയും വരവ് യഥാക്രമം 87128/-രൂപയും 80056/-രൂപയുമാണ്. അതായത് പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ ഏകദേശം പാതിയോളം നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതമായി നടക്കുന്നെന്ന് ഇത് വ്യക്തമാക്കുന്നു. നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ നിർമ്മാണം നിയന്ത്രിക്കപ്പെടുന്നില്ല എന്നതിനൊപ്പം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ സമയബന്ധിതമായി നികുതി അസസ് ചെയ്ത്

ഡിമാന്റിൽ ഉൾപ്പെടുത്തുന്നില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ കെട്ടിടങ്ങൾ നികുതി പരിധിയിൽ പെടാതെ ഒഴിഞ്ഞു പോകുന്നെന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു. സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിൽ ഒരു കെട്ടിടത്തിന്റെ വിവരം മാത്രം രേഖപ്പെടുത്തിയിരിക്കുന്നതും ഇവിടെ പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു.

മേല്പറഞ്ഞ അപാകതകൾ നിലനിൽക്കേ ഇക്കാര്യങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടില്ലെന്ന് മിനിട്സ് സാക്ഷ്യപ്പെടുത്തുന്നു. വസ്തുനികുതിയുടെ കാര്യത്തിൽ പിരിവ് 100% കൈവരിക്കാനുള്ള നിർദ്ദേശങ്ങളും ഇടപെടലുകളും മാത്രമാണ് ഉണ്ടായിട്ടുള്ളത്.

നികുതി പരിധിയിൽ നിന്നും കെട്ടിടങ്ങൾ ഒഴിഞ്ഞുപോകാനുള്ള സാഹചര്യം നിലനിൽക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. മറുപടി നൽകേണ്ടതും അപാകതകൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന പരിഹാരനടപടികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതുമാണ്.

1) സ്ഥാപനപരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമവിധേയമല്ലാത്തവ അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽ പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ പഴയകെട്ടിടങ്ങളുടെ അസസ്മെന്റ് രജിസ്റ്ററിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും , കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

3) ഖണ്ഡിക 2-1(സി) യിൽ പ്രതിപാദിച്ചതുപോലെ അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ചുനല്കേണ്ടതും, അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്ററാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്.

4) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നൽകേണ്ടതും/നടത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിശദമായ റിപ്പോർട്ടും, ഇതിന്റെ ഫലമായി നികുതി വരുമാനത്തിൽ വന്ന വർദ്ധനവിന്റെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 2-3 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബ്വാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി, ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ

സ്ഥാപനങ്ങൾ,തൊഴിലാളികൾ,വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. (ക്രമ നമ്പർ ഒന്നുപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നൽകേണ്ട നോട്ടീസിന്റേയോ ഉടമസ്ഥൻ വിവരം ലഭ്യമാക്കേണ്ട ഫോറത്തിന്റേയോ മാതൃക/ഫോറം തൊഴിൽ നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും നിയമപ്രകാരവും ചട്ടപ്രകാരവുമുള്ള വരുമാനമാർഗ്ഗം ഉപയോഗപ്പെടുത്താൻ സ്ഥാപനം ഫോറങ്ങൾ നിശ്ചയിച്ച് ഉപയോഗപ്പെടുത്തുകയോ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയോ ചെയ്യേണ്ടതായിരുന്നു.) ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനില്ക്കുന്നു.

എ) സഞ്ചയ അസസ്സ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം 1136 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. ഇതിൽ 26 കെട്ടിടങ്ങൾക്ക് 2017-18 വർഷത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1110 കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കപ്പെടുത്തുന്നുണ്ടെന്ന് കാണാം. എന്നാൽ ട്രേഡ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 323 ഡിമാന്റുകളിൽ നിന്നുമാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. അതായത് 787 കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

ബി) ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. വേക്കൻസി റമിഷൻ കഴിഞ്ഞ് 1110 കെട്ടിടങ്ങൾ ഉണ്ടെന്നുള്ളതിനാൽ പരാമവധി അത്രയും ഡിമാന്റുകൾ കൂടി തൊഴിൽ നികുതിയുടെ കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

സി) വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നൽകുമ്പോൾ ഈടാക്കുന്ന തൊഴിൽനികുതി സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അതായത് ലൈസൻസ് അനുവദിക്കപ്പെട്ട 323 സ്ഥാപനങ്ങളിൽ നിന്നും അവയുടെ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഡി) ടെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി.സ്റ്റാന്റിംഗ് കമ്മിറ്റി ഒരു ഘട്ടത്തിലും ഇത് സംബന്ധിച്ച അജണ്ട ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്തിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നുണ്ട്. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും,നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1) വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

2) എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്. മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും, അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽ

നികുതി ചട്ടങ്ങളിലെ ഫോറം ഒന്നും, രണ്ടും ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.

3) തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4) ട്രേഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

5) മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

2018-19 വർഷത്തിന്റെ രണ്ടാം അർദ്ധവർഷം മുതൽക്കുതന്നെ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കി ഇത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കിയും , ഇതുമൂലമുണ്ടായ വരുമാന വർദ്ധനവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയും പരാമർശം ഒഴിവാക്കേണ്ടതാണ്.

## 2-4 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ അപാകത-നഷ്ടം

വളയം ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(1) ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപ നിരക്കിലുമാണ് ഭരണസമിതി തീരുമാനപ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ താഴെ പറയുന്ന ക്രമ നം 1 മുതൽ 12 വരെ യുള്ള ഘടകങ്ങളിൽ രണ്ടോ അതിലധികമോ ഘടകങ്ങൾ ഒരേ സമയം ബാധകമാവുകയാണെങ്കിലോ ക്രമ നം 13,14 എന്നിവയിൽ പാരാമർശിച്ച ഏതെങ്കിലുമൊരു ഘടകം ബാധകമാവുകയാണെങ്കിലോ പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിനു ബാധകമാവുന്ന രീതിയിൽ വസ്തു നികുതി നിർണയിക്കണമെന്നു നിഷ്കർഷിക്കുന്നുണ്ട്.

| | | |
|---|---|---|
| 1. | കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ വിവിധ മേഖലകളിലായാൽ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 7, ഉപ വകുപ്പ് 9) |
| 2. | വഴിസൗകര്യത്തിന്റെ ലഭ്യത | |
| 3. | മേൽക്കൂരയുടെ നിർമിതി | |
| 4. | കെട്ടിടത്തിന്റെ കാലപ്പഴക്കം | |
| 5. | തറയുടെ നിർമിതി | |
| 6. | എയർകണ്ടീഷനിംഗ് സൗകര്യം | |
| താഴെ പറയുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ | | |

| | | |
|---|---|---|
| 7. | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 2, ഉപ വകുപ്പ് 9),2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5),4(1)) |
| | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 8. | വിദ്യാലയങ്ങൾക്കോ, ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ | |
| 9. | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ | |
| 10. | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 11. | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ | |
| 12. | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം | |
| 13. | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയാണെങ്കിൽ | 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) |
| 14 | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ പ്രത്യേകം കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലോ | |

മേൽ പരാമർശിക്കാത്ത കാരണങ്ങളാൽ ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്തിൽ നികുതി നിർണയിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമ | കെട്ടിട നം | പ്ലിന്ത് ഏരിയ | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | നഷ്ടം |
|---|---|---|---|---|---|---|
| 1 | (1)അനീഷൻ തയ്യുള്ളതിൽ മച്ചിലോൽ<br>(2)ബജീഷ് ചെറിയ കുന്നോത്ത്. കുന്നേത്ത് പറമ്പ് ചെറുപറമ്പ് (PO) കണ്ണൂർ-670693 | 4/286 A-286 B | 137.94 m2 | 5272 | 137.94*60=8277 | 3005/- |
| 2 | ഹമീദ് കിഴക്കയിൽ<br>വളയം (PO) | 13/360A-13/360I | 159.32 m2 | 7302/- | 159.32*60*1.15=10993 | 3691/- |
| 3 | (1)മിസിരിയ കിണറുള്ള കുഴിച്ചാല്പ പറമ്പത്ത് വാണിമേൽ .കോടിയൂറ<br>(2)സാറ ചീളിൽ<br>വിഷ്ണുമംഗലം (PO) | | ഗ്രൌണ്ട് ഫ്ലോർ-160.71<br>ഒന്നാം നില-195.61 m2<br>രണ്ടാം നില-211.15 m2<br>ആകെ-567.47 m2 | ഗ്രൌണ്ട് ഫ്ലോർ-6707<br>ഒന്നാം നില-8927<br>രണ്ടാം നില-9131<br>ആകെ-24765/- | ഗ്രൌണ്ട് ഫ്ലോർ-160.71*60*1.2=11571/-<br>ഒന്നാം നില-195.61*60*.95=13379/-<br>രണ്ടാം നില-211.15*60*1.10=13936/-<br>ആകെ – 38886/- | 13867 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| ആകെ തുക | | | | | | 20817/ |

മേൽ പട്ടികയിൽ കാണിച്ച കെട്ടിടങ്ങളിലെ വ്യത്യസ്ത മുറികൾക്ക് വെവ്വേറെ നികുതി നിശ്ചയിച്ചത് കെട്ടിടത്തിന്റെ ഉപയോഗം 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ളവ എന്ന് രേഖപ്പെടുത്തിയാണ്. ഇത് കാരണം നികുതിയിൽ നഷ്ടം സംഭവിച്ചു.

ഒരേ കെട്ടിടത്തിൽ വ്യത്യസ്ത നമ്പർ നൽകുവാനുള്ള സാഹചര്യം, ചട്ടം 4 (1) ൽ പ്രസ്താവിച്ച വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ഉപയോഗപ്പെടുത്തുക എന്നതാണ്. ചട്ടം 4 (1) ൽ പ്ര സ്താവിച്ച വ്യത്യസ്ത ഉപയോഗക്രമങ്ങൾ ഇവയാണ്.

| | |
|---|---|
| 1 | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 2 | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 3 | വിദ്യാലയങ്ങൾക്കോ, ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ |
| 4 | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ |
| 5 | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 6 | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ |
| 7 | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം |

എന്നാൽ മേൽപ്പറഞ്ഞ ഇനങ്ങളിൽ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഉൾപ്പെടുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതും അപാകത ഒഴിവാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1) മേൽ കെട്ടിടങ്ങളുടെയും ഇതേ രീതിയിൽ നാളിതുവരെ തെറ്റായി അസസ് ചെയ്ത 100m2ന് മുകളിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് ഡിമാന്റിൽ മാറ്റം വരുത്തേണ്ടതും നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്. മേൽ കെട്ടിടങ്ങളുടെ കാര്യത്തിൽ നികുതി നഷ്ടം 20817/- രൂപ ഈടാക്കേണ്ടതുമാണ്.

2) മേൽ നടപടിക്രമങ്ങൾ പാലിക്കുന്നത് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥനും ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റിയും നിരീക്ഷിക്കേണ്ടതും ഫലപ്രാപ്തി ഉറപ്പുവരുത്തേണ്ടതുമാണ്.

മേൽ നടപടിക്രമങ്ങൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണ്.

## 2-5 ഡി&ഒ ലൈസൻസ്- ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നില്ല

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം സ്ഥാപന പരിധിയിൽ വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 1136 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2017-18ലെ നികുതി ഇളവ് രജിസ്റ്റർ പ്രകാരം 26 കെട്ടിടങ്ങൾക്ക് ഒഴിവായി കിടക്കുന്നതിനാൽ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 1110 കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നതായി കാണാം. നിർമ്മിതിയുടെ സ്വഭാവമനുസരിച്ച് ഈ കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് മിക്കവാറും സാധ്യത. എന്നാൽ ഓഡിറ്റ് വർഷത്തിൽ 299 പേർക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഇത്രയും ലൈസൻസിന് ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം പരിശോധിക്കാൻ കഴിഞ്ഞില്ലെങ്കിലും ലൈസൻസ് ഇല്ലാതെ വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് മേൽ പൊരുത്തക്കേട് വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും

നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു.ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനത്തോടൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്. അടിയന്തിരമായി ഫീൽഡ് പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരക്കേണ്ടതുമാണ്. മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥൻ ഇതിന് നേതൃത്വം നല്കേണ്ടതും ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റി പുരോഗതി വിലയിരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ, ഫലപ്രാപ്തി എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 2-6 വിവിധോദ്ദേശ്യങ്ങൾക്കുള്ള/സംയുക്ത പ്രൊജക്ടുകൾക്കുള്ള ഫണ്ട് പരിപാലനത്തിൽ അപാകത

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി 4 പ്രകാരം വിവിധ ഉദ്ദേശ്യങ്ങൾക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളിൽ 5901975/-രൂപ ഓഡിറ്റ് വർഷത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. തനത് ഫണ്ട് ഉൾപ്പെടെയുള്ള ബാങ്ക് അക്കൗണ്ടുകളിലാണ് ഈ തുകകൾ നിക്ഷേപിച്ചിരിക്കുന്നത്. സ്പെഷൽ ടി എസ് ബി അക്കൗണ്ടുകളിൽ നിന്നും 8853558/- രൂപ സർക്കാർ സാമ്പത്തികവർഷാവസാനം പിൻവലിച്ചതു കൂടി പരിഗണിക്കുമ്പോൾ (ഈ തുക പിന്നീട് തിരികെ നല്കി) (മേൽ നീക്കിയിരിപ്പ് കൂടി സ്ഥാപനത്തിന്റെ ആകെ നീക്കിയിരിപ്പ് ഉൾക്കൊള്ളുന്നുണ്ട്). നാളിതുവരെ വിനിയോഗിക്കാതെ അവശേഷിക്കുന്നവയിൽ പ്രധാനപ്പെട്ടവയുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | ഫണ്ട് നല്കിയ സ്ഥാപനം | ഉദ്ദേശ്യം | തുക ലഭിച്ച തീയതി | ലഭിച്ച തുക | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|
| 1 | കേന്ദ്ര വിഹിതം | സമ്പൂർണ്ണ ശുചിത്വ പരിപാടി | 31.3.18 | 1000000 | 1149452 |
| 2 | ട്രൈബൽ ഡവ. വകുപ്പ് | ട്രൈബൽ സബ് പ്ലാൻ | 19.10.17 | 985000 | 985000 |
| 3 | സാമൂഹ്യ നീതി വകുപ്പ് | ഷെൽട്ടർ ഗ്രാന്റ് | 1.3.18 | 280000 | 28000 |
| 4 | ജില്ലാപഞ്ചായത്ത് | ബഡ്സ് സ്കൂൾ | 15.3.18 | 1000000 | 1000000 |
| 5 | ജില്ലാപഞ്ചായത്ത് | ക്ഷീരഗ്രാമം | 1.3.18 | 70000 | 0 |
| 6 | ജില്ലാപഞ്ചായത്ത് | ക്ഷീരഗ്രാമം | 25.3.18 | 200000 | 150000 |
| 7 | ജില്ലാപഞ്ചായത്ത് | കോർപ്പസ് ഫണ്ട് | 25.3.18 | 700000 | 700000 |
| 8 | ജില്ലാപഞ്ചായത്ത് | മഞ്ചാന്തര വയോജന പാർക്ക് | 25.3.18 | 1500000 | 1500000 |
| 9 | ബ്ലോക്ക് പഞ്ചായത്ത് | പാൽ സബ് സിഡി | 26.12.17 | 150000 | 53312 |
| 10 | ബ്ലോക്ക് പഞ്ചായത്ത് | കിണർ റീ ചാർജ്ജിംഗ് | 26.12.17 | 400000 | 400000 |
| 11 | ബ്ലോക്ക് പഞ്ചായത്ത് | CWSN സ്കോളർഷിപ്പ് | 25.3.18 | 50000 | 0 |

ക്രമ നം 1മുതൽ 3വരെയുള്ളവ വിവിധ കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പുകളിൽ നിന്നും ലഭിച്ചവയാണ് . 4 മുതൽ 11 വരെയുള്ള വിവിധ സംയുക്ത പ്രൊജക്ടുകൾക്ക് ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുമാണ് ഫണ്ടുകൾ ലഭിച്ചിരിക്കുന്നത്. ഇരുവിഭാഗം ഫണ്ടുകളുടെയും കാര്യത്തിൽ സമയബന്ധിതമായ വിനിയോഗം നടന്നില്ല എന്നതിനൊപ്പം തദ്ദേശ സ്ഥാപന ധനസഹായത്തിന്റെ കാര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് ഫണ്ട് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയുമാണ്.

13ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ സ.ഉ. (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1) സംയുക്ത പ്രൊജക്ടുകൾക്ക് പ്രത്യേകമായി ഒരു സ്പെഷൽ ടി എസ് ബി അക്കൗണ്ട് തുടങ്ങേണ്ടതും ഇതിൽ

സംയുക്ത പ്രൊജക്ടുകൾക്കു ലഭ്യമാകുന്ന തുകകൾ മാത്രം നിക്ഷേപിക്കേണ്ടതുമാണ്.

2) ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്റ്റംബർ 30 ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

3) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം ,ഫെബ്രുവരി 28ന മുമ്പേ തിരിച്ചു നല്കേണ്ടതുമാണ്.

4) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ടതുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

5)സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട് മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

6) മേല്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചിരുന്നെങ്കിൽ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് മാർച്ച് 31 ന് ശൂന്യമാകുന്നതാണ്.

എന്നാൽ സംയുക്ത പ്രൊജക്ടുകളുടെ ധനാഗമനത്തിന്റെയും ധനവിനിയോഗത്തിന്റെയും വിവിധ ഘട്ടങ്ങളിൽ മേൽ നിർദ്ദേശങ്ങൾ സ്ഥാപനം പൂർണ്ണമായി പാലിച്ചിട്ടില്ലെന്ന് രേഖകൾ വ്യക്തമാക്കുന്നു. പ്രധാനപ്പെട്ട വീഴ്ചകൾ താഴെ പറയുന്നു.

എ) ധനസഹായം നല്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ഉത്തരവിൽ നിർദ്ദേശിക്കുന്ന സമയക്രമം പാലിച്ചുകൊണ്ടല്ല ഫണ്ട് അനുവദിച്ചിരിക്കുന്നത്. ക്രമനം 4 മുതൽ 8വരെയുള്ളവയുടേയും ക്രമ നം 11 ന്റെയും ഫണ്ടുകൾ ലഭിച്ചിരിക്കുന്നത് 2018 മാർച്ച് മാസത്തിലാണ്. മറ്റുള്ളവ ഡിസംബർ മാസം അവസാന വാരത്തിലുമാണ് ലഭ്യമാക്കിയത്. തൻവർഷം പ്രൊജക്ടുകൾ പൂർത്തീകരിക്കപ്പെടില്ലെന്ന വ്യക്തമായ ധാരണ ഫണ്ട് അനുവദിക്കുമ്പോൾ തന്നെയുണ്ടായിരുന്നെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഫണ്ടുകൾ സമയബന്ധിതമായി ലഭിക്കാൻ യാതൊരു ശ്രമവും ഗ്രാമപഞ്ചായത്തും നടത്തിയിട്ടില്ലെന്നതും അപാകതയ്ക്ക് കാരണമായി.

ബി) മാർച്ച് 31 ന് അവശേഷിക്കുന്ന ഫണ്ട് സർക്കാരിലേക്ക് സറണ്ടർ ചെയ്യാതെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. 3803312/- രൂപ ഈയിനത്തിൽ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്.(സർക്കാർ സാമ്പത്തികവർഷാവസാനം പിൻവലിച്ച് തിരികെ നല്കിയ തുക കൂടി പരിഗണിക്കുമ്പോൾ)

മേൽഅപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. മറുപടി നല്കുന്നതിനൊപ്പം താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

1) അക്കൗണ്ടിൽ നീക്കിയിരിപ്പായ 3803312/- രൂപ അടിയന്തിരമായി സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതാണ്. പ്രൊജക്ട് നിർവ്വഹണത്തിനായി തുക ബാധ്യതപ്പെട്ടെങ്കിൽ തുക സറണ്ടർ ചെയ്യാതെ ഉപയോഗപ്പെടുത്തുന്നതിന് സർക്കാരിന്റെ അനുമതി വാങ്ങി ഉപയോഗപ്പെടുത്താവുന്നതാണ്. അനുമതി ലഭിക്കാത്ത പക്ഷം സ്പിൽ ഓവർ ബാധ്യത പ്രൊജക്ടിൽ പങ്കെടുത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി ഈ വർഷമോ അടുത്ത വർഷമോ ലഭ്യമാകുന്ന അലോട്ട് മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

2) ഇത്തരം പ്രൊജക്ടുകളുടെ ഫണ്ട് പങ്കെടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഉത്തരവിൽ സൂചിപ്പിച്ച സമയക്രമപ്രകാരം ലഭിക്കാൻ ഇനി മുതൽ ശ്രമം നടത്തേണ്ടതാണ്.

3) ഇപ്രകാരം ലഭിക്കുന്ന ഫണ്ട് ഉത്തരവിൽ സൂചിപ്പിച്ച സമയക്രമപ്രകാരം ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതും, പ്രൊജക്ട് ബാധ്യതയുണ്ടെങ്കിൽ പരിഹരിക്കാൻ ഉത്തരവിലെ നിർദ്ദേശാനുസരണം പ്രവർത്തിക്കേണ്ടതുമാണ്.

ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിച്ച് പരാമർശം ഒഴിവാക്കാവുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവൃത്തികൾ -നിർവ്വഹണത്തിൽ അപാകതകൾ.

ഓഡിറ്റ് വർഷം പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടു.

1-രൂപീകരിച്ച പൊതുമരാമത്ത് പദ്ധതികൾ കൃത്യമായി നടപ്പിലാക്കാത്തതിനാൽ തൻവർഷം അനുവദിച്ച 15017603/- രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടു.

സ്ഥിരമായ ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ അഭാവത്തിൽ ഓഡിറ്റ് വർഷത്തിൽ താല്ക്കാലിക അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ മുഖേനയാണ് പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം ലഭിച്ച 33 പ്രവൃത്തികളിൽ 6എണ്ണത്തിൽ മാത്രം തുക ചെലവഴിച്ചപ്പോൾ സെക്രട്ടറി 37 പ്രൊജക്ടുകളിൽ 31എണ്ണത്തിന് തുക ചെലവഴിച്ചു.ഫലത്തിൽ 33 പ്രൊജക്ടുകൾ നിർവ്വഹിക്കാത്തതിനാൽ ഇവയ്ക്ക് വകയിരുത്തിയ 1.85 കോടി രൂപ ചെലവഴിക്കാനായില്ല. ഈ തുകയിൽ 1.5 കോടിരൂപ വിവിധ സർക്കാർ ഗ്രാന്റുകളിൽപ്പെട്ടതായതിനാൽ സാമ്പത്തിക വർഷാവസാനം നഷ്ടപ്പെട്ടിരിക്കുകയാണ്. വിവിധ ഫണ്ടുകളിൽ നിന്ന് ഈ പ്രവൃത്തികൾക്ക് വകയിരുത്തിയ തുകയുടെയും ചെലവിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | അസിഎഞ്ചിനീയർ | | സെക്രട്ടറി | | ആകെ അടങ്കൽ | ആകെ ചെലവ് | ചെലവഴിക്കാത്തതുക |
|---|---|---|---|---|---|---|---|
| | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | | | |
| പൊതുവിഭാഗം സാധാരണ വിഹിതം | 960000 | 0 | 2746403 | 838952 | 3706403 | 838952 | 2867451 |
| എസ്.സി.പി | - | - | 120000 | 86112 | 120000 | 86112 | 33888 |
| ധനകാര്യകമ്മീഷൻഗ്രാന്റ് | 2401000 | - | 3947180 | 1090304 | 6348180 | 1090304 | 5257876 |
| ലോകബാങ്ക് ധനസഹായം | 300000 | 191889 | 1807435 | 1207302 | 2107435 | 1399191 | 708244 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 575000 | - | _ | _ | 575000 | _ | 575000 |
| തനത് ഫണ്ട് | 93742 | - | 385012 | 50647 | 478754 | 50647 | 428107 |
| ജില്ലാപഞ്ചായത്ത് | 2500000 | | | | 2500000 | | 2500000 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 5009000 | 1002390 | 6065473 | 4855628 | 11074473 | 5858018 | 5216455 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ റോഡ് | 951258 | 519070 | 1218932 | 717431 | 2170190 | 1236501 | 933689 |
| ആകെ | 12790000 | 1713349 | 16290435 | 8846376 | 29080435 | 10559725 | 18520710 |

ചെലവഴിക്കാത്ത 18520710/- രൂപയിൽ പൊതു വിഭാഗം സാധാരണ ഫണ്ട് - (2867451/- രൂപ) എസ്.സി.പി. (33888/-രൂപ) ധനകാര്യകമ്മീഷൻ ഗ്രാന്റ്- (5257876/-രൂപ) ലോകബാങ്ക് സഹായം (708244/-രൂപ), മെയിന്റനെന്സ്ഗ്രാന്റ് റോഡ് (5216455/-രൂപ), മെയിന്റനെൻസ്ഗ്രാന്റ് നോൺറോഡ് (933689/-രൂപ) എന്നിവയിൽപ്പെടുന്നതാണ് 10559725/-രൂപ. ചെലവഴിക്കാതെ ബാക്കി വരുന്ന ഗ്രാന്റ് തുക സാമ്പത്തിക വർഷാവസാനം സർക്കാരിലേക്ക് തിരികെ പോകുമെന്നതിനാൽ യഥാർത്ഥത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ കാലതാമസം, സാങ്കേതികാനുമതി ലഭിച്ചവ കരാറുകാരെ ഏല്പിക്കുന്നതിൽ വന്ന കാലതാമസം എന്നിവയാണ് നിർവ്വഹണത്തിന് തടസ്സമായ കാരണങ്ങളെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അസിസ്റ്ററ്റ് എഞ്ചിനീയറുടെ പുതിയ പ്രെജക്ടുകളിൽ 16 എണ്ണം ഇപ്രകാരം ചെലവില്ലാതെ നിർവ്വഹണത്തിന്റെ വിവിധ

ഘട്ടങ്ങളിലാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ഡി.പി.സി അംഗീകാരം | സാങ്കേതിക അനുമതി | കരാർ തീയ്യതി | അടങ്കൽ |
|---|---|---|---|---|---|---|
| 1 | 73 | മഞ്ഞപ്പള്ളി രാജധാനി റോഡ് പരിഷ്കരണം | 31-5-17 | 9-8-17 | 25-1-18 | 400000 |
| 2 | 113 | വലിയപറമ്പ് എളമ്പറ്റക്കണ്ടി റോഡ് പരിഷ്കരണം | 31-5-17 | 30-7-17 | 19-2-18 | 600000 |
| 3 | 118 | നീലാണ്ട് മാവുള്ളപറമ്പ് ശ്മശാനം റോഡ് പരിഷ്കരണം | 31-5-17 | 10-8-17 | 23-3-18 | 650000 |
| 4 | 119 | രാജധാനി അംഗൺവാടി റോഡ് പരിഷ്കരണം | 31-5-17 | 18-8-17 | 23-3-18 | 200000 |
| 5 | 121 | നിരവ് കാരപ്പറമ്പ് റോഡ് പരിഷ്കരണം | 31-5-17 | 10-8-17 | 7-2-18 | 500000 |
| 6 | 124 | ചാലിയാട്ട് പൊയിൽ ഖാദികേന്ദ്രംറോഡ് പരിഷ്കരണം | 31-5-17 | 10-8-17 | 7-2-18 | 200000 |
| 7 | 126 | നിരവ് ഉണ്ണ്യാട് താഴെ റോഡ് പരിഷ്കരണം | 31-5-17 | 3-7-17 | 23-3-18 | 500000 |
| 8 | 127 | മാഞ്ചാന്തറ പേരോടൻകണ്ടിറോഡ് പരിഷ്കരണം | 31-5-17 | 30-7-17 | 27-1-18 | 400000 |
| 9 | 129 | മൗവ്വഞ്ചേരി കനിയിൽ പീടികറോഡ് | 31-5-17 | 3-7-17 | 27-1-18 | 400000 |
| 10 | 130 | വടക്കേട്ടിൽമുക്ക് തീക്കുനിറോഡ് പരിഷ്കരണം | 31-5-17 | 9-8-17 | 23-3-18 | 250000 |

| | | | | | | |
|---|---|---|---|---|---|---|
| 11 | 134 | വളയം വില്ലേജ് ഓഫീസ് മണിയാലറോഡ് | 31-5-17 | 18-8-17 | 20-2-18 | 600000 |
| 12 | 135 | ഓഞ്ഞേന്റവിട ചെക്കേറ്റ അന്പലം റോഡ് പരിഷ്കരണം | 31-5-17 | 7-8-17 | 23-3-18 | 250000 |
| 13 | 141 | മുതുക്കുറ്റി പൊതുകുടിവെള്ള കിണർ നിർമ്മാണം | 31-5-17 | 30-11-17 | 23-3-18 | 300000 |
| 14 | 142 | മാഞ്ഞാന്തറ നെയ്ത്കേന്ദ്രത്തിന്ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 31-5-17 | 15-11-17 | 21-2-18 | 250000 |
| 15 | 144 | ബഡ്സ് സ്കൂൾ കെട്ടിടം നിർമ്മാണം | 31-5-17 | 3-12-17 | 23-3-18 | 1100000 |
| 16 | 147 | മാഞ്ചാന്തറവയോജന പാർക്ക് നിർമ്മാണം | 31-5-17 | 14-11-17 | 20-2-18 | 1500000 |

അന്തിമ പദ്ധതി രേഖയ്ക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകാരം നല്കുകയും ഇതിനെ തുടർന്ന് പ്രൊജക്ടുകൾ ഡാറ്റാ എൻട്രി നടത്തുകയും ചെയ്തുകഴിഞ്ഞാലാണ് ഡി പി സി അംഗീകാരത്തിന് സമർപ്പിക്കേണ്ടത് ( 13ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 6.11.7.1എന്നിവ കാണുക) എന്നതിൽ നിന്നും ഡി.പി.സി അംഗീകാരം ലഭിച്ചയുടൻ പ്രൊജക്ടുകൾ എസ്റ്റിമേറ്റ് സഹിതം സാങ്കേതിക അനുമതിയ്ക്ക് നല്കേണ്ടതാണെന്ന് വ്യക്തമാകുന്നു. എന്നാൽ പദ്ധതികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടി.എസ് ലഭിക്കുന്നതിന് പല പദ്ധതികളിലും രണ്ട് മാസത്തിൽ കൂടുതൽ കാലതാമസമുണ്ടായതായി കാണാം . ടി.എസ് .ലഭിച്ച പ്രവത്തികൾ ടെണ്ടർ/ക്വട്ടേഷൻ നടപടികൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെടുന്നതിൽ അഞ്ച് മാസത്തിൽ കൂടുതൽ കാലയളവ് എടുത്തതായും കാണുന്നു. പദ്ധതി നിർവ്വഹണത്തിലെ മേൽ കാലതാമസമാണ് ആത്യന്തികമായി ഫണ്ട് നഷ്ടത്തിൽ കലാശിച്ചിരിക്കുന്നത് .തൻ വർഷം അഗീകാരം ലഭിച്ച ഭൂരിഭാഗം പ്രവൃത്തികളിലും കരാറുകാരെ നിശ്ചയിക്കാൻ കഴിഞ്ഞത് സാമ്പത്തിക വർഷാന്ത്യത്തിലാണ്. ഇത് പൊതുമരാമത്ത് പ്രവൃത്തികളുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പദ്ധതി നിർവ്വഹണത്തിലുള്ള കൃത്യമായ ഇടപെടലിന്റെ അഭാവം വ്യക്തമാക്കുന്നു. 17-7-2017 ലെ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിർവ്വഹണ ഉദ്യോഗസ്ഥ തല പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും പ്രവർത്തന കലണ്ടർ തയ്യാറാക്കിയതോ ആയത് പ്രകാരം പദ്ധതികളുടെ നർവ്വഹണം നടന്നെന്നോ തുടർ പരിശോധനകൾ നടത്തിയിട്ടില്ല. പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുന്നതിനായി ഭരണ സമിതിയോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും പൊതുമരാമത്ത് പദ്ധതി നിർവ്വഹണ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ

ഭാഗത്തുനിന്നം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വന്ന കാലതാമസം സ്റ്റാന്റിംഗ് കമ്മിറ്റി യഥാസമയം വിലയിരുത്തികാണുന്നില്ല. 18-12-2017 ലെ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഒന്നും തന്നെ ടെണ്ടർ/റീടെണ്ടർ ലഭിക്കാത്തതിനാൽ ബാക്കിയുള്ള പ്രവൃത്തികൾ കൂടി റീടെണ്ടർ ചെയ്യാനും ആയതിനുശേഷം ക്വട്ടേഷൻ ക്ഷണിച്ച് പദ്ധതി നടപ്പിലാക്കിനും തീരുമാനിക്കുകയായിരുന്നു. സമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡി.പി.സി അംഗീകാരം ലഭ്യമായ പദ്ധതികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനൽ കാലതാമസം വന്നപ്പോൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടാത്തത്ത് നിലവിലെ അവസ്ഥയ്ക്ക് കാരണമായി.

2-റോഡ്പ്രവൃത്തിക്കായി ഭാഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

പ്രോജക്ട് നം-153/17-18

അടങ്കൽ - 450000/-

ചെലവ് - 421989/- ( ബിൽ നം- 1/29-8-2017)

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ.

പഞ്ചായത്തിലെ മാവുള്ള പറമ്പത്ത് ചീലിയാട്ട് പൊയിൽ റോഡ് ടാറിംഗ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ പരിശോധിച്ചതിൽ 0/00 ചെയിനേജ് മുതൽ 0/460 മീറ്ററിലാണ് പ്രവൃത്തി ചെയ്തത്. ഇതിൽ 230 മീറ്റർ നീളം റോഡ് സെക്ഷനിംഗ് പ്രവൃത്തികളും, 400 മീറ്ററിൽ റോഡ് വീതികൂട്ടൽ പ്രവത്തിയും, 70 മീറ്ററിൽ റോഡ് 3 മീറ്റർ വീതിയിൽ ഉയരം കുറക്കൽ ,റോഡ് ക്രോസ് ഡ്രെയിൻ, ഡ്രെയിനേജ് എന്നീ പ്രവത്തികളുമാണ് ചെയ്തത്. റോഡ് ടാറിംഗ് പ്രവത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ റോഡിനാവശ്യമായ ടാറിംഗ് ഉൾപ്പെടെയുള്ള മുഴവൻ ഇനങ്ങളും ഉൾപ്പെടുത്തിയാണ് പദ്ധതി രൂപീകരിക്കേണ്ടതും എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും.എന്നാൽ തൻ വർഷം സ്പിൽ ഓവർ പദ്ധതിയായി നിർവ്വഹിച്ച പ്രോജക്ടിൽ 421989 രൂപ ചെലവ് ചെയ്ത് റോഡ്ഫോർമേഷൻ പ്രവൃത്തികൾ മാത്രമാണ് നടത്തിയിട്ടുള്ളത് . 2017-18 വർഷ പുതിയ പ്രോജക്ടുകളിൽ തുടർപ്രവൃത്തികൾക്കായി പ്രോജക്ട് നടപ്പാക്കാത്തതിനാൽ തുടർ വർഷങ്ങളിൽ ടാറിംഗ് പ്രവൃത്തികൾക്കായി പ്രോജക്ട് നടപ്പാക്കുമ്പോൾ വീണ്ടും റോഡ് ഫോർമേഷനും സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിനുമായി തുക ചെലവഴിക്കപ്പെടാനിടയാകുകയും ആയത് അധിക ചെലവിനിടയാക്കുകയും ചെയ്യുന്നു.

3-ഒരുവർഷം ഒരു റോഡിൽ രണ്ട് പ്രവൃത്തികൾ നടപ്പിലാക്കി

പഞ്ചായത്തിലെ ചെറുമോത്ത് പള്ളിമുക്ക് കോമ്പിമുക്ക് റോഡിൽ തൻവർഷം സ്പിൽ ഓവറായും, പുതിയ പ്രോജക്ടായും റോഡ് കോൺക്രീറ്റിനായി രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ചെയിനേജ് | അടങ്കൽ | ചെലവ് |
|---|---|---|---|
| ചെറുമോത്ത് കോമ്പിമുക്ക് റോഡ്കോൺക്രീറ്റ്<br>പ്രോജക്ട് നം-132/17-18 | 0/00- 0/85 | 400000 | 394998<br>3000 |
| ചെറുമോത്ത് കോമ്പിമുക്ക് റോഡ്കോൺക്രീറ്റ്<br>പ്രോജക്ട്നം-19/17-18<br>(സ്പിൽ ഓവർ) | 0/85-0/191 | 450000 | 440931 |

രണ്ട് പ്രോജക്ടിലുമായി ആകെ 191 മീറ്റർ റോഡാണ് തൻ വർഷം കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ഒരു റോഡിലെ മുഴവൻ പ്രവൃത്തികളും ഒരുമിച്ച് നിർവ്വഹിക്കാതെ ചെറിയ ചെയിനേജുകളിലായി പ്രവൃത്തികൾ ആവിഷ്കരിച്ച നടപ്പാക്കുന്ന പ്രവണത ഉള്ളതായി കാണുന്നു.ഇതുകാരണം പ്രവൃത്തികളുടെ എണ്ണം കൂടുന്നതിനും കൃത്യമായ നിർവ്വഹണം സാധ്യമാകാതെയും വരുന്നു. പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടി.എസ്. ലഭ്യമാക്കൽ, ടെണ്ടർ നടപടികൾ സ്വീകരിക്കൽ എന്നീ നടപടികളിൽ കാലതാമസമുണ്ടാവുകയും കൃത്യമായ സൂപ്പർ വിഷൻ നടക്കാതെയും വരുന്നു. കൂടാതെ ചെറിയ അടങ്കലിലുള്ള പ്രവത്തികൾ തയ്യാറാക്കുന്നത് കാര്യക്ഷമതയുള്ള കരാറുകാരുടെ ടെണ്ടർ പങ്കാളിത്തം കുറയ്ക്കുകയും ആയത് പ്രവത്തിയുടെ ഗുണനിലവാരം കുറക്കുകയും ചെയ്യുന്നു. ഒരു വർഷം ഒരു റോഡിലെ മുഴവൻ പ്രവത്തികൾക്കുമായി പ്രോജക്ട് രൂപീകരിക്കാതെ ചെറിയ ചെയിനേജുകളിലായി പ്രവൃത്തി നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണത്തിലും നടത്തിപ്പിലും വന്ന മേൽ അപാകതകൾ ഉത്തരവാദപ്പെട്ട വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവ ഉൾക്കൊണ്ട് തുടർ വർഷങ്ങളിൽ ആയവ പരിഹരിക്കേണ്ടതാണ്.

## 3-2 പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നടത്തിപ്പിലും നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

തൻവർഷം പൊതുമരാമത്ത്പദ്ധതികളുടെ രൂപീകരണത്തിൽ തൻവർഷം താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1-വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല-

2017-18 പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 10-3-2017,20-3-2017,24-7-2017 എന്നിങ്ങനെ മൂന്ന് യോഗങ്ങളാണ് ബന്ധപ്പെട്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ചേർന്നിരിക്കുന്നത്. ഇതിൽ ഒന്നാമത്തെയോഗത്തിൽ 29 പ്രവൃത്തികളുടെയും രണ്ടാമത്തെയോഗത്തിൽ 172 പ്രവത്തികളുടെയും ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ എഴുതിചേർത്തതല്ലാതെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകളും, ആസൂത്രണവും വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ഓരോ പ്രോജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പ് ചർച്ചചെയ്ത് ഉറപ്പുവരുത്തേണ്ടതാണെങ്കിലും തൻവർഷത്തെ പൊതുമരാമത്ത് പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ യാതൊരു നടപടിക്രമങ്ങളും വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല.

2-മേഖലയെ കുറിച്ചുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയില്ല.

വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ (സ്റ്റാറ്റസ് റിപ്പോർട്ട്) പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. എന്നാൽ തൻവർഷം പൊതുമരാമത്ത് പദ്ധതികൾ രൂപീകരിച്ചിരിക്കുന്നത് കൃത്യമായ സ്റ്റാറ്റസ് റിപ്പോർട്ടില്ലാതെയാണ്. വിവിധ മേഖലകളെ കുറിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകൾ ക്രോഡീകരിച്ച് വികസനരേഖ തയ്യാറാക്കേണ്ടതാണെങ്കിലും ഇത്തരത്തിൽ ഒരു വികസന രേഖ തയ്യാറാക്കിയത് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വികസന മേഖലാ സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റ് ചെയ്ത സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ പൊതുമരാമത്ത് മേഖലയെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. കരട് പദ്ധതിരേഖ, അന്തിമ പദ്ധതിരേഖ എന്നിവയിലും മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളും നേരിടുന്ന പ്രശ്നങ്ങളെ പറ്റിയും പരാമർശിച്ചിട്ടില്ല. ഇവ രണ്ടിലും പദ്ധതി നിർദ്ദേശമായി വർക്കിംഗ് ഗ്രൂപ്പിൽ ലിസ്റ്റ് ചെയ്ത പ്രവൃത്തികൾ എഴുതിചേർക്കൽ മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പിന് ആവശ്യമായ നിർദ്ദേശങ്ങളൊന്നും തന്നെ നൽകിയതായോ സമയാ സമയങ്ങളിൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയോ ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ തൻ വർഷം പൊതുമരാമത്ത് പ്രവൃത്തികൾ കൃത്യമായ പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ പാലിച്ചല്ല രൂപീകരിക്കപ്പെട്ടത് എന്ന നിഗമനത്തിലെത്തേണ്ടിയിരിക്കുന്നു.

3-വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിച്ചില്ല.

അന്തിമ പദ്ധതി രേഖയിൽ മോണിറ്ററിംഗ് സംവിധാനത്തിലെ പോരായ്മകൾ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാന വർഷ പദ്ധതികളെ സാരമായി ബാധിച്ചതായും പദ്ധതി പ്രവർത്തനങ്ങൾ നിശ്ചിത സമയത്ത് കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കാൻ കഴിയാതിരുന്നത് മോണിറ്ററിംഗ് സംവിധാനത്തിലെ പരാജയമാണ്. ഓരോ പദ്ധതിയും വർക്കിംഗ് കലണ്ടർ അനുസരിച്ച് പൂർത്തിയാക്കാൻ കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം അനിവാര്യമാണ് എന്നും പ്രതിപാദിച്ചിട്ടുണ്ട്. തൻ വർഷം പൂർത്തിയായ പൊതുമരാമത്ത് പ്രവൃത്തികളുടെയും ഫയലിനൊപ്പം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഒപ്പുവച്ച മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രം ഉണ്ടെങ്കിലും

മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപ്പെടുത്തൽ സംബന്ധിച്ച തീരുമാനങ്ങളോ നമ്പറോ, അഭിപ്രായ നിർദ്ദേശങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. അന്തിമ പദ്ധതി രേഖയിൽ മുൻ വർഷങ്ങളിൽ പദ്ധതി മോണിറ്ററിംഗിലെ അപാകതകൾ ചൂണ്ടികാണിച്ചിട്ടും മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് മേൽ ചുമതല കൃത്യമായി നിർവ്വഹിച്ചിട്ടുണ്ടോ എന്നത് ബന്ധപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിക്കുകയോ, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.
പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പാലിക്കേണ്ട നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ പ്രോജക്ടുകൾ രൂപീകരിക്കപ്പെടുന്നത് നിർവ്വഹണ ഘട്ടങ്ങളിൽ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വരുന്നതിനും പദ്ധതിചെലവ് കുറക്കുന്നതിനുമിടയാക്കും. ആയത് ഉൾക്കൊണ്ടുകൊണ്ട് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടതുണ്ട്. മേഖലയെ സംബന്ധിച്ച സമഗ്രമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രോജക്ടുകൾ രൂപീകരിക്കേണ്ടതുമാണ്. വർക്കിംഗ് ഗ്രൂപ്പ് പദ്ധതി രൂപീകരണം, മോണിറ്ററിംഗ് എന്നിവയിൽ ക്രിയാത്മകമായി പ്രവർത്തിക്കുന്നു എന്ന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-3 സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ നളിതുവരെയായും പ്രവൃത്തി പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം-55/17-18

അടങ്കൽ -201400.

ചെലവ് -201400/- (ബിൽ നം-19/19-1-18).

നിർവ്വഹണം- സെക്രട്ടറി.

പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കുക വഴി കറന്റ് ഉപയോഗിക്കുന്നതിന് അനുസരിച്ച് ചെലവ് ക്രമീകരിക്കുകയും അതുവഴി സ്ട്രീറ്റ് ലൈറ്റുകളുടെ പ്രതിമാസ വൈദ്യുതിചാർജ്ജിൽ കുറവു വരുത്തുക എന്നതുമാണ് പ്രോജക്ട് നടപ്പിലാക്കുകവഴി ലക്ഷ്യമിട്ടത്. ഇതിനായി വളയം പഞ്ചായത്തിലെ നാദാപുരം ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ വരുന്ന സ്ട്രീറ്റ് ലൈറ്റ് മെയിൻ ഉള്ള 11ഇടങ്ങളിൽ 19 മീറ്ററിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി യൂണിറ്റിന് 10600 രൂപ എസ്റ്റിമേറ്റ് നിരക്കിലാണ് പദ്ധതിക്ക് തുക വകയിരുത്തിയത്. അസിസ്റ്റന്റ് എഞ്ചിനീയർ നാദാപുരം ഇലക്ട്രിക്കൽ സെക്ഷന്റെ DB No.Street light/2017-18 /99/8-11-2017 റിക്വസ്റ്റ് പ്രകാരം 201400/- രൂപ ബിൽ പ്രകാരം സെക്രട്ടറി കെ.എസ്.ഇ.ബിക്ക് അടവാക്കിയിട്ടുണ്ട്. പദ്ധതിനടത്തിപ്പിനായി വളയം പഞ്ചായത്ത് സെക്രട്ടറിയും അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബിയും തമ്മിൽ 200 രൂപ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട് (മുദ്രപത്രത്തിൽ കരാർ നമ്പർ ചേർത്തിട്ടില്ല). മേൽ കരാറിലെ 5മത് വ്യവസ്ഥ പ്രകാരം മീറ്ററിംഗ് സ്ഥാപിക്കൽ സംബന്ധിച്ച മോണിറ്ററിഗ് കമ്മിറ്റിയുടെ പരിശോധനയിൽ കാണുന്ന പോരായ്മകൾ കെ.എസ്.ഇ.ബി പരിഹരിക്കേണ്ടതാണ്. 8 പ്രകാരം പ്രവൃത്തി 2017 ഡിസംബർ മാസം 1 ാം തീയ്യതി ആരംഭിച്ച് 2018 വർഷം ജനുവരി മാസം 30 ാം തീയ്യതി പൂർത്തിയാക്കുന്നതാണ് എന്നിങ്ങനെ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ 19-1-2018 ൽ 201400/- രൂപ കെ.എസ്.ഇ.ബിക്ക് കൈമാറിയതല്ലാതെ നാളിതുവരെ കെ.എസ്.ഇ.ബി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് നടപ്പിലാക്കുകവഴി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം പണം അടവാക്കുക എന്നതായിരുന്നു പ്രോജക്ട് ലക്ഷ്യമെങ്കിലും നിലവിലും പഞ്ചായത്ത് പ്രതിമാസം 8032/- രൂപ സ്ട്രീറ്റ് ലൈറ്റ് ചാർജജായി അടവാക്കിവരികയാണ് .

5-10-2017 ൽ ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഡെപ്പോസിറ്റ് വർക്കുകൾ അടിയന്തരമായി ഇംപ്ലിമെന്റ് ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരോട് നിർദ്ദേശം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി പരിശോധിക്കുകയോ മേണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പിന് ഇതുസംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ആയതുകാരണം 201400 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പ്രോജക്ട് ഫലപ്രാപ്തിയിലെത്തിയില്ല. കെ.എസ് .ഇ.ബി.യുമായി ബന്ധപ്പെട്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ് അല്ലാത്തപക്ഷം കെ.എസ്.ഇ.ബി.ക്കെതിരെ കരാർ ലംഘനത്തിന് നിയമ നടപടികൾ സ്വീകരിക്കുകയോ മീറ്റർ സ്ഥാപിച്ചാൽ ലഭിക്കാനിടയുള്ള വൈദ്യുതിചാർജ്ജിലുള്ള വ്യതിയാനം തെരുവുവിളക്ക് ബില്ലുകളിൽ നിന്നും കുറവ് ചെയ്തു കിട്ടാനുള്ള സാധ്യത ആരായേണ്ടതുമാണ്. ചെലവ് തുക 201400 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ആദായ നികുതി ഈടാക്കിയതിൽ കുറവ്

പ്രോജക്ട് നം- 17/17-18

പ്രോജക്ടിന്റെ പേര്-നിരവ് ഉണ്യാട്ട് താഴെ റോഡ്.

അടങ്കൽ - 450000 (മെയിന്റനെൻസ്ഗ്രാന്റ് റോഡ്)

ചെലവ് - 448973 (ബിൽ-61/28-3-18)

നിർവ്വഹണം- സെക്രട്ടറി.

തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കിയ നിരവ് ഉണ്യാട്ട് താഴെ റോഡ് പ്രവൃത്തി കരാർ എടുത്ത് നടപ്പാക്കിയത് വളയം ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയാണ്.മേൽ പ്രവൃത്തിയുടെ അളവുപുസ്തകം നം-58/16-17 പ്രകാരം ആകെ 448973/- രൂപ പ്രവത്തിമൂല്ല്യമുള്ള പ്രവർത്തികൾ സൊസൈറ്റി ചെയ്തിട്ടുണ്ട് . ഇതിൽ നിന്നും 5 ശതമാനം വാറ്റ് ഇനത്തിൽ 22449 രൂപയും 1% ആദായനികുതിയിനത്തിൽ 4490/- രൂപയും 1% കെ.സി.ഡബ്ള്യൂ.എഫ് ഇനത്തിൽ 4490/- രൂപയും കിഴിച്ച് 417544/- രൂപയാണ് കരാറുകാരന് നൽകിയിട്ടുള്ളത്.വ്യക്തികൾ, ഹിന്ദു ജോയിന്റ് ഫാമിലി എന്നിവരൊഴികെയുള്ള കരാറുകാരിൽ നിന്നും പ്രവൃത്തി മൂല്യത്തിന്റ 2% മാണ് ആദായ നികുതിയായി ഈടാക്കേണ്ടത്. ആയതിനാൽ ആദായ നികുതിയിനത്തിൽ കുറവായി ഈടാക്കിയ 4490/- രൂപ കരാറുകാരായ വളയം ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിന് അടവാക്കേണ്ടതാണ്.

## 3-5 വിതരണത്തിനായി വാങ്ങിയ വിത്തുകളും തൈകളും മുഴുവനായി വിതരണം ചെയ്തില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ ; കൃഷി ഓഫീസർ

ഓഡിറ്റ് വർഷത്തിൽ കാർഷിക മേഖലയിൽ നിർവ്വഹിച്ച താഴെ പറയുന്ന മൂന്ന പ്രൊജക്ടുകളുടെ കാര്യത്തിൽ ,പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി വാങ്ങിയ വിത്തുകളും തൈകളും മുഴുവനായി വിതരണം ചെയ്തിട്ടില്ലെന്ന് സ്റ്റോക്ക് രജിസ്റ്റർ,വിതരണ രജിസ്റ്റർ എന്നിവ സാക്ഷ്യപ്പെടുത്തുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്ട് | വാങ്ങിയ ഇനം /സ്ഥാപനം | ചെലവ് തുക ബിൽ നം | വാങ്ങിയ അളവ് | വിതരണം ചെയ്ത അളവ് | നീക്കിയിരിപ്പ്/ തുക |
|---|---|---|---|---|---|---|
| 1 | ഇടവിള കൃഷി ചേമ്പ്, ചേന-63/18 | ചേമ്പ്,ചേന-(വി . എഫ് . പി. സി .കെ ഏറണാകുളം) | 306500/-(വികസന ഫണ്ട് ) ബിൽ നം : 6/2017-18 തീയ്യതി. 5.3.2018 | 613 കിറ്റുകൾ @ 500/-1കിറ്റ് | 597 | 16 8000/-(500x16) |
| 2 | ഇടവിള കൃഷി,മഞ്ഞൾ, ഇഞ്ചി- 67/18 | മഞ്ഞൾ, ഇഞ്ചി(വി . എഫ് . പി. സി .കെ | 3,10,000 /-(വികസന ഫണ്ട് ) 3/2017-18 | 620 കിറ്റുകൾ @ 500/-1കിറ്റ് | 611 | 9 4500/- (500x9) |

| | | | | | | |
|---|---|---|---|---|---|---|
| | | ഏറണാകുളം) | തീയ്യതി. 05.3.2018 | | | |
| 3 | കറിവേപ്പില തൈവിതരണം-72/18 | 1066 കറിവേപ്പില തൈകൾ (വി .എഫ് .പി.സി.കെ ആലത്തൂർ) | 16,000/- (വികസന ഫണ്ട് ) 4/2017-18 തീയ്യതി. 21.2.2018 | 1066 തൈകൾ @ 15/-1തൈ | 825 | 241 3615/- (241x15) |
| വിതരണം ചെയ്യാത്തവയുടെ ആകെ വില | | | | | | 16115/- |

പ്രൊജക്ട് പ്രകാരം ആവശ്യമായതിൽ കൂടുതൽ വാങ്ങുക (ക്രമനം 3പ്രകാരമുള്ളതിന് 160 ഗുണഭോക്താക്കളെ ലക്ഷ്യം വച്ച 213 പേർക്ക് വാങ്ങി 165 പേർക്ക് വിതരണം ചെയ്തു) വാങ്ങിയവ ഉദ്ദേശിച്ചത്ര ഗുണഭോക്താക്കൾക്ക് നല്കാതിരിക്കുക എന്നീ അപാകതകൾ പ്രൊജക്ടുകളുടെ കാര്യത്തിൽ സംഭവിച്ചു. എന്നാൽ നിർവ്വഹണ ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പ്രൊജക്ടുകൾ മോണിറ്റർ ചെയ്തില്ല. വിതരണം ചെയ്യാനവശേഷിക്കുന്ന ഉല്പന്നങ്ങളുടെ സ്റ്റോക്ക് കാണിച്ചുതരാൻ ഓഡിറ്റ് സമയത്ത് കൃഷി ഓഫീസർക്ക് കഴിഞ്ഞിട്ടില്ല. അപാകത സംഭവിക്കാനിടയായ സാഹചര്യം വ്യക്തമാക്കാൻ എൻക്വയറി നല്കിയിട്ടും നിർവ്വഹണോദ്യാഗസ്ഥൻ മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും നീക്കിയിരിപ്പുള്ള ഇനങ്ങൾക്ക് ചെലവഴിച്ച 16115 /- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്.കൂടാതെ വർക്കിംഗ് ഗ്രൂപ്പിനും, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കും ഇക്കാര്യത്തിലുണ്ടായ വീഴ്ചക്കും വിശദീകരണം നല്കേണ്ടതാണ്. ഭാവിയിൽ പ്രൊജക്ടുകൾ മോണിറ്റർ ചെയ്യുന്നത് കുറ്റമറ്റതാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ (രണ്ട് കമ്മിറ്റികളുടെയും മീറ്റിംഗ് അജണ്ടയിൽ ഇത് ഒരു ഇനമാക്കാവുന്നതാണ്) വരുത്തി വിവരം അറിയിക്കേണ്ടതുമാണ്.

## 3-6 സബ്സിഡി നിർദ്ദേശങ്ങൾ പാലിക്കാതെ പ്രൊജക്ടുകൾ നടപ്പിലാക്കി

സർക്കാർ പുറപ്പെടുവിച്ച സബ്സിഡി നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാതെ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമനം | പ്രൊജക്ട് | നിർവ്വഹണോ ദ്യാഗസ്ഥൻ | സബ്സിഡി ഇനം | ചെലവുതുക/ ബിൽ നം | മാർഗ്ഗ രേഖയിൽ നിന്നുള്ള വ്യതിയാനം |
|---|---|---|---|---|---|
| 1 | ക്ഷീരഗ്രാമം പദ്ധതി (വനിത) --63/18 | വെറ്റിനറി സർജൻ | കറവപ്പശു- ഗുണഭോക്താവിന് 50000/-രൂ നിരക്കില്- 12പേർക്ക്(സബ് സിഡി 25000/-രൂപ) | ബിൽ നം 11/2017-18 തീയ്യതി. 4.3.2018 1,80,000/- (വികസന | 1) 4 ഗുണഭോക്താക്കളുടെ കാര്യത്തിൽ ഗുണഭോക്തൃതല വിഹിതം ഗ്രാമ പഞ്ചായത്തിൽ ഒടുക്കാതെ കേരള ഗ്രാമീൺ ബാങ്ക് വളയം ശാഖയിൽ |

| | | | | | |
|---|---|---|---|---|---|
| | | | | ഫണ്ട് )<br>2) ചെക്ക്: 3355902 തീയ്യതി. 4.3.2018<br>1,20,000/- (ജില്ലാ പഞ്ചായത്ത്)<br>3)ചെക്ക് നം: 7289788/- തീയ്യതി. 21.3.2018<br>2,00,000/- (ഗുണഭോക്തൃ വിഹിതം) | നിന്ന് വായ്പ എടുത്തു നേരിട്ട് ചെലവഴിച്ചു<br>2) ഇവരുടെ സബ്സിഡി തുക പശുവിനെ വിറ്റയാൾക്കല്ലാതെ നേരിട്ട് അവരുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു<br>റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും,കമ്മറ്<br>3) വികസന സ്റ്റാൻഡിംഗ്<br>വെറ്റിനറി ഡോക്ടർ കൺവീനറും ഗുണഭോക്താക്കളിൽ നിന്ന് 5പേർ അംഗങ്ങളുമായിട്ടുള്ള കമ്മറ്റി യായിരിക്കണം<br>മൃഗങ്ങളെ – പക്ഷികളെ വാങ്ങേണ്ടത് (സബ്സിഡി മാനദണ്ഡത്തിലെ ഖണ്ഡിക 8.2ലെ കുറിപ്പ് 3 ലെ (പേജ് 27) എന്നാൽ വ്യവസ്ഥ പാലിക്കപ്പെട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2 | ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ നൽകൽ 86/18 | ഹെഡ്മാസ്ററർ .ഗവ.എൽ.പി സ്കൂൾ, ചുഴലി. | ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ- ഒരു ക്ലബിന് 4999.4/- രൂപ നിരക്കിൽ | 29,997/- (വികസന ഫണ്ട്) 13/2017-18 തീയ്യതി. 14.2.2018 | 1) ഒരു ക്ലബിന് നൽകാവുന്ന പരമാവധി തുക (2,000/- രൂപ) യിൽ അധികരിച്ചു. |

സബ്സിഡി മാർഗ്ഗ രേഖ സ. ഉ.(എം.എസ്) നമ്പർ 80/2017/തസ്വഭവ . തീയ്യതി . 3.04.2017 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാതെ സബ്സിഡി അനുവദിക്കുന്നത് ഫണ്ടിന്റെ ദുരുപയോഗമായി കാണുമെന്ന് മേൽ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടും മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. ആയത് വിശദീകരിക്കപ്പെടേണ്ടതാണ്. മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) സ്റ്റാറ്റസ് റിപ്പോർട്ട് ലക്ഷ്യം വയ്ക്കുന്ന വികസന തലം നേടുന്നതിന് രൂപീകരിക്കുന്ന പ്രൊജക്ടുകളിൽ ഉൾപ്പെടുന്ന സബ്സിഡി ഇനങ്ങൾ മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന നിരക്ക്, അർഹത, ഇനം എന്നിവയിൽ ഉൾപ്പെടുന്നതാണോയെന്നും, അല്ലാത്തപക്ഷം ഏതൊക്കെ കാര്യത്തിൽ വ്യതിയാനമുണ്ടെന്നും അവ ക്രമപ്രകാരമാക്കാൻ സർക്കാർ അനുമതി ആവശ്യമാണെന്നും ഇതിന് സ്വീകരിക്കേണ്ട നടപടിക്രമവും വിശദമാക്കുന്ന കുറിപ്പ് എല്ലാ പ്രൊജക്ടിന്റെ കൂടെയും നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കും, ഭരണസമിതിയ്ക്കും നൽകേണ്ടതാണ്.

2) ഇപ്രകാരമുള്ള കുറിപ്പ് പ്രൊജക്ടിന്റെ കൂടെ ഉണ്ടോയെന്ന് ബന്ധപ്പെട്ട കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതും, മേൽ കുറിപ്പിൽ നിർദ്ദേശങ്ങളുണ്ടെങ്കിൽ നിർവ്വഹണോദ്യോഗസ്ഥന്റെ സാങ്കേതിക ഉപദേശത്തിനനുസരിച്ച് പ്രവർത്തിക്കാൻ കമ്മിറ്റികൾ തയ്യാറാകേണ്ടതുമാണ്.

ഈ നിർദ്ദേശങ്ങൾ പാലിക്കാതെ വരും വർഷങ്ങളിലും സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനമുണ്ടായാൽ അത് ഫണ്ടിന്റെ ദുരുപയോഗമായി കാണുന്നതും ഉത്തരവാദിയായവരിൽനിന്നും ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## 3-7 പദ്ധതി ആസൂത്രണം , നിർവ്വഹണം- വിവിധ മേഖലകളിൽ അപാകതകൾ

ഓഡിറ്റ് വർഷത്തിൽ ആരോഗ്യ – വിദ്യാഭ്യാസം, ക്ഷേമകാര്യം എന്നീ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിൽ വരുന്ന വിദ്യഭ്യാസം, വനിതാ വികസനം, സാമൂഹിക നീതി മേഖഖലകളിൽ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു. പ്രധാന അപാകതകൾ താഴെ പറയുന്നു.

1) വിദ്യാഭ്യാസ മേഖല

എ) വിദ്യാഭ്യാസ മേഖലയിലെ പദ്ധതി രൂപീകരണത്തിൽ ആരോഗ്യ -വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ മേൽ നോട്ടക്കുറവുണ്ടായിട്ടുണ്ട്.മേൽ സ്റ്റാൻഡിംഗ് കമ്മറ്റി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കോ, ഗ്രാമപഞ്ചായത്ത് ഭരണ സമിതിക്കോ ശുപാർശ ചെയ്യാത്ത ചില പദ്ധതികൾ ഭരണ സമിതി അംഗീകരിച്ച് നടപ്പിലാക്കുകയും, ശുപാർശ ചെയ്ത പദ്ധതി നടപ്പിലാക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ നൽകുന്നു.

a) എസ് . സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ(പ്രോജക്ട്നം 90/2018)

b) ലാപ് ടോപ്പ് വിതരണം ( എസ്.ടി) (പ്രോജക്ട്നം 120/2018)

c) സി.ഡബ്ള്യു.എസ്.എൻ. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. (പ്രോജക്ട്നം .89/2018)

d) എസ് . ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ(പ്രോജക്ട്നം 117/2018)

ഓഡിറ്റ് വർഷം ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ മേൽ പദ്ധതികൾ 2017-18 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ അന്തിമ ശുപാർശ നൽകുന്നതിനുവേണ്ടി 26.05.2017 ന് ചേർന്ന ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചർച്ചചെയ്യുകയോ ശുപാർശ നൽകുകയോ ചെയ്തിട്ടില്ല. മാത്രമല്ല സാമ്പത്തിക വർഷം ഒരു ഘട്ടത്തിലും മേൽ കമ്മറ്റി ഇവ ചർച്ചയ്ക്ക തന്നെ വിധേയമാക്കിയിട്ടില്ല.

എന്നാൽ ചുഴലി ഗവ.എൽ.പി സ്കൂൾ സ്മാർട്ടാക്കൽ, പി.എസ്.സി കോച്ചിംഗ് ക്ലാസ് നല്കൽ (എസ്.സി) എന്നീ പദ്ധതികൾ സ്റ്റാൻഡിംഗ് കമ്മറ്റി അംഗീകരിച്ചുവെങ്കിലും (തീരുമാനം നം. 64/17 26.5.2017) ആയത് 2017-18 വർഷം ഒഴിവാക്കപ്പെട്ടു.പദ്ധതിതയ്യാറാക്കൽ മാർഗ്ഗ നിർദ്ദേശങ്ങൾ ജി. ഒ.(എം.എസ്) നമ്പർ 72/2017/തസ്വഭവ. തീയ്യതി 29.03.2017 അനുസരിച്ച് തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് ആവശ്യമായ സൌകര്യങ്ങൾ ഒരുക്കുന്നതിന് മുൻഗണന നൽകണം എന്നിരിക്കെ ചുഴലി ഗവ.എൽ.പി സ്കൂൾ സ്മാർട്ടാക്കൽ എന്ന പദ്ധതി ഒഴിവാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

ബി) ഡി.പി.സി അംഗീകാരം ലഭ്യമായ പല പദ്ധതികളും നിർവ്വഹണഘട്ടത്തിൽ ഭേദഗതി വരുത്തുകയും, പദ്ധതിക്കായി വകയിരുത്തുന്ന തുകകൾ വെട്ടിക്കുറക്കുകയും ചെയ്തിട്ടുണ്ട്.

ഇപ്രകാരമുള്ള വിദ്യാഭ്യാസ മേഖലയിലെ ചില പദ്ധതികൾക്കുള്ള ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

a) സമഗ്ര വിദ്യാഭ്യാസ പരിപാടി (പ്രോജക്ട്നം 83/2018)

b) അഫിലിയേഷനുള്ള ഗ്രന്ഥശാലകൾക്ക് ഷെൽഫ് വാങ്ങൽ (പ്രോജക്ട്നം84/2018)

c) പഠനോപകരണങ്ങൾ നൽകൽ ( എസ്.ടി)(പ്രോജക്ട്നം117/2018)

മേൽ പദ്ധതികൾക്ക് ആദ്യഘട്ടത്തിൽ ഡി.പി.സി അംഗീകാരം ലഭ്യമാക്കിയപ്പോൾ വകയിരുത്തിയ തുക യഥാക്രമം 1,78,000/-രൂപയും, 48,000/-രൂപയും, 1,26,000/-രൂപയുമായിരുന്നു. എന്നാൽ നിർവ്വഹണ ഘട്ടത്തിൽ ഭേദഗതി വരുത്തി തുകകൾ യഥാക്രമം 162150/- രൂപ, 33,000/-രൂപ, 94,994/- രൂപ എന്നിങ്ങനെയായി വെട്ടിക്കുറച്ച് പദ്ധതികൾ നിർവ്വഹിക്കുകയാണ് ചെയ്തത്. പഞ്ചായത്ത് തല സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് ഗ്രാമ സഭ,വികസന സെമിനാർ, ആരോഗ്യ -വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി,പഞ്ചായത്ത് ഭരണ സമിതി, ഡി.പി.സി അംഗീകാരം എന്നീ വിവിധ ഘട്ടങ്ങളിലൂടെ ചർച്ചയ്ക്കും പരിശോധനയ്ക്കും ശേഷം നടപ്പിലാക്കുന്ന പദ്ധതികൾ നിർവ്വഹണ ഘട്ടത്തിൽ ഇപ്രകാരമുള്ള ഭേദഗതിയ്ക്ക് വിധേയമാക്കുന്നത് പദ്ധതി രൂപീകരണത്തിലെ പോരായ്മയാണ് കാണിക്കുന്നത്. വിവിധഘട്ടങ്ങളിലെ പരിശോധന നടത്താതെയാണ് പദ്ധതി രൂപീകരിക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാവുന്നു. ഇത് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് വിഘാതമാകാം.

2) <u>വനിതാ വികസനം, സാമൂഹിക നീതി മേഖല</u>

ശിശുക്ഷേമം ഉൽപ്പടെയുള്ള മേഖലകളിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ സാമ്പത്തികവർഷം കേവലം 2 പ്രോജക്ടുകൾമാത്രമാണ് നിർവ്വഹണം നടത്തിയത്. നടപ്പിലാക്കിയ പദ്ധതികളാവട്ടെ അംഗൻവാടികൾക്ക് പൂരക പോഷകാഹാര വിതരണം (പ്രോജക്ട് നം.75/18) അംഗൻവാടി വർക്കർ, ഹെൽപ്പർ ഹോണറേറിയം (പ്രോജക്ട് നം.77/18) എന്നീ അനിവാര്യ ചുമതലയിൽപ്പെടുന്ന പദ്ധതികളാണ്. 2017-18 സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വനിതാവികസനം-സാമൂഹിക നീതി -മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് , വികസനസെമിനാർ, നിർവ്വഹണോദ്യോഗസ്ഥരുടെ യോഗതീരുമാനങ്ങൾ എന്നിവയുടെ മിനുട്സ് പരിശോധിച്ചതിൽ നിന്നും, അങ്കണവാടികളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തൽ, വൈദ്യുതീകരണം, അംഗൻവാടികൾക്ക് ഗ്യാസ് കണക്ഷൻ, പ്രഷർകുക്കർ ,സ്റ്റീൽ പാത്രങ്ങൾ നൽകൽ ,

വനിതകൾക്കും കുട്ടികൾക്കും യോഗ, കരാട്ടേ പരിശീലനം , വനിതാഹോട്ടൽ, പേപ്പർബാഗ് നിർമ്മാണം , വയോജനങ്ങൾക്ക് പോഷകാഹാരം നൽകൽ തുടങ്ങിയ പദ്ധതികൾ തൻവർഷം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തതാണെന്ന് വ്യക്തമായിട്ടുണ്ട്.

കൂടാതെ 26.5.2017ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മറ്റിയുടെ തീരുമാനം നം. 1/2017 പ്രകാരം അംഗവൻ വാടിക്ക് കറന്റ്, അങ്കണവാടിക്ക് സ്റ്റീൽ കണ്ടെയിനറും, പ്രഷർകുക്കറും, അങ്കണവാടിക്ക് കുടിവെള്ളം, അങ്കണവാടിക്ക് ചുറ്റ് മതിൽ, വയോജനക്ഷേമപദ്ധതി എന്നിവയ്ക്ക് തുക വകയിരുത്തി അംഗീകാരം നല്കി പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാൻ ഭരണസമിതിക്ക് ശുപാർശ നൽകിയതുമാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഇതിൽ ഒന്ന് പോലും നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്തിനായിട്ടില്ല..

വനിതാ ശാക്തീകരണത്തിനും, സുരക്ഷക്കും മുൻഗണന നൽകുന്നതിന് വേണ്ടി രൂപീകരിച്ച ജാഗ്രതാ സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി തൻവർഷം പദ്ധതി രൂപീകരിക്കുകയോ, തുക വകയിരുത്തുകയോ ചെയ്യാത്തത് വനിതാവികസന മേഖലയിലെ പോരായ്മയാണ് കാണിക്കുന്നത്. ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മറ്റി വനിതാവികസനം, സാമൂഹിക നീതി എന്നീ മേഖലകളിൽ പദ്ധതി രൂപീകരിക്കുന്നതിലും, നടപ്പിൽവരുത്തുന്നതിലും ജാഗ്രത പുലർത്തേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 3-8 പദ്ധതി നിർവ്വഹണച്ചെലവുകൾ- ചെലവ് പത്രികയിൽ രേഖപ്പെടുത്തുന്നത് അപൂർണ്ണം.

ഗ്രാമ പഞ്ചായത്തിലെ കൃഷി ഓഫീസർ , വെറ്റിനറി സർജൻ, വി.ഇ.ഒ, ഹെഡ്മാസ്റ്റർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ താഴെപറയുന്ന പദ്ധതികളിൽ വ്യത്യസ്ത ഫണ്ടിനങ്ങളിൽ ചെലവഴിച്ച തുകകളുടെ വിവരങ്ങൾ പൂർണ്ണമായും സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ് പത്രികയിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ.നം | പദ്ധതിയുടെ പേര്/ നം | വകയിരുത്തിയതുക/ ഫണ്ടിനം | ചെലവഴിച്ചതുക/ ഫണ്ടിനം | അപാകതകൾ |
|---|---|---|---|---|
| 1. | തെങ്ങ് കൃഷിക്ക് ജൈവവളം48/18 | 14,89,650 (വികസനഫണ്ട്)<br>4,96,585/- (ഗുണഭോക്തൃവിഹിതം) | 14,89,650 (വികസനഫണ്ട്)<br>4,96,585/- (ഗുണഭോക്തൃവിഹിതം). | 4,96,685/-രൂപയുടെ ചെലവ്<br>ചെലവ് പത്രികയിൽ വന്നിട്ടില്ല. |
| 2 | കൂമ്പ് ചീഞ്ഞ തെങ്ങുകൾ വെട്ടി മാറ്റി പുതിയവ നടൽ71/18 | 281438 (വികസനഫണ്ട്)<br>243813 (ഗുണഭോക്തൃവിഹിതം) | 281437 (വികസനഫണ്ട്)<br>243813 (ഗുണഭോക്തൃവിഹിതം) | 24813/- രൂപയുടെ<br>ചെലവ് ചെലവ് പത്രികയിൽ വന്നിട്ടില്ല. |
| 3 | തൊഴിലുറപ്പ് പദ്ധതി മുഖേന കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി കൃഷി (വനിത)78/18 | 33250 (വികസനഫണ്ട്)<br>8750 (ഗുണഭോക്തൃവിഹിതം) | 17500 (വികസനഫണ്ട്)<br>8750 (ഗുണഭോക്തൃവിഹിതം) | 8750/-രൂപയുടെ ചെലവ് ചെലവ് പത്രികയിൽ വന്നിട്ടില്ല. |

| | | | | |
|---|---|---|---|---|
| 4 | കന്നുകട്ടി പരിപാലന പദ്ധതി96/18 | 156250 (വികസനഫണ്ട്)<br>312500 (ഗുണഭോക്തൃവിഹിതം) | 156250 (വികസനഫണ്ട്)<br>312500 (ഗുണഭോക്തൃവിഹിതം) | 312500/-രൂപയുടെ ചെലവ് ചെലവ് പത്രികയിൽ വന്നിട്ടില്ല. |
| 5 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 97/18 | 75000 (വികസനഫണ്ട്)<br>150000 (ബ്ലോക്ക് വിഹിതം)<br>75000 (ജില്ല പഞ്ചായത്ത് ) | 74528 (വികസനഫണ്ട്)<br>63778 (ബ്ലോക്ക് വിഹിതം)<br>32910 (ജില്ല പഞ്ചായത്ത് ) | ബ്ലോക്ക് വിഹിതം 63778/- രൂപയും<br>ജില്ല പഞ്ചായത്ത് വിഹിതമായ 32910/- രൂപയും ചെലവ് പത്രികയിൽ വന്നിട്ടില്ല. |
| 6 | ക്ഷീര ഗ്രാമം പദ്ധതി 98/18 | 180000 (വികസനഫണ്ട്)<br>120000 (ജില്ല പഞ്ചായത്ത്)<br>300000 (ഗുണഭോക്തൃവിഹിതം) | 180000 (വികസനഫണ്ട്)<br>120000 (ജില്ല പഞ്ചായത്ത്)<br>300000 (ഗുണഭോക്തൃവിഹിതം) | ജില്ലപഞ്ചായത്ത് വിഹിതമായ 180000/- രൂപയും ഗുണഭോക്തൃ വിഹിതമാ. 300000/- രൂപയും ചെലവ് പത്രികയിൽ വന്നിട്ടില്ല |
| 7 | ആട് വിതരണം(വനിത)100/18 | 120000 (വികസനഫണ്ട്)<br>120000 (ഗുണഭോക്തൃവിഹിതം) | 120000 (വികസനഫണ്ട്)<br>120000 (ഗുണഭോക്തൃവിഹിതം) | 120000/-രൂപയുടെ ഗുണഭോക്തൃ<br>വിഹിതം ചെലവ് പത്രികയിൽ വന്നിട്ടില്ല. |
| 8 | മുട്ടക്കോഴി വിതരണം(വനിത) 101/18 | 151250 (വികസനഫണ്ട്)<br>151250 (ഗുണഭോക്തൃവിഹിതം) | 151250 (വികസനഫണ്ട്)<br>151250 (ഗുണഭോക്തൃവിഹിതം) | 151250/-രൂപയുടെ ഗുണഭോക്തൃ വിഹിതം ചെലവ് പത്രികയിൽ വന്നിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | | |
| 9 | സമഗ്ര കന്നുകാലി ഇൻഷുറൻസ്102/18 | 5931 (വികസനഫണ്ട്) 5931 (ഗുണഭോക്തൃവിഹിതം) | 5931 (വികസനഫണ്ട്) 5931 (ഗുണഭോക്തൃവിഹിതം) | 5931/-രൂപയുടെ ഗുണഭോക്തൃ വിഹിതം ചെലവ് പത്രികയിൽ വന്നിട്ടില്ല. |
| 10 | ആട് വിതരണം (എസ്.ടി)149/18 | 26250 (ടി.എസ്.പി) 9750 (ഗുണഭോക്തൃവിഹിതം) | 26250 (ടി.എസ്.പി) 9750 (ഗുണഭോക്തൃവിഹിതം) | 9750/-രൂപയുടെ ഗുണഭോക്തൃ വിഹിതം ചെലവ് പത്രികയിൽ വന്നിട്ടില്ല |
| 11 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ 42/18 | 36750 (വികസനഫണ്ട്) 73500 (ശുചിത്വമിഷൻ) 36730 (ഗുണഭോക്തൃവിഹിതം) | 19800 (വികസനഫണ്ട്) 39800 (ശുചിത്വമിഷൻ) 24000 (ഗുണഭോക്തൃവിഹിതം) | 39800/- ശുചിത്വമിഷൻ 24000 ഗുണഭോക്തൃവിഹിതം എന്നിവ ചെലവ് പത്രികയിൽ വന്നിട്ടില്ല |
| 12 | സി.ഡബ്ല്യ.എസ്.എൻ സ്കോളർഷിപ്പ് 89/18 | 90000/- (വികസന ഫണ്ട്) 1,00,000/- (ബ്ലോക്ക് വിഹിതം) | 90000/- (വികസന ഫണ്ട്) 50,000/- (ബ്ലോക്ക് വിഹിതം) | 50,000/- (ബ്ലോക്ക് വിഹിതം) ചെലവ് പത്രികയിൽ വന്നിട്ടില്ല |
| 13 | ലാപ് ടോപ്പ് വിതരണം (എസ്സ്.സി) 104/18 | 85000 (എസ്സ്.സി.പി) 5000 (തനത് ഫണ്ട്) | 85000 (എസ്സ്.സി.പി) 5000 (തനത് ഫണ്ട്) | 5000 തനത് ഫണ്ട് ചെലവ് പത്രികയിൽ വന്നിട്ടില്ല |
| 14 | ലാപ് ടോപ്പ് വിതരണം (എസ്സ്.ടി) 107/18 | 85000 (ടി.എസ്സ്.പി.) | 85000 (ടി.എസ്സ്.പി.) | 5000 തനത് ഫണ്ട് ചെലവ് പത്രികയിൽ വന്നിട്ടില്ല |

| | | | | |
|---|---|---|---|---|
| | | 5000<br>(തനത് ഫണ്ട്) | 5000 (തനത് ഫണ്ട്) | |
| 15 | അംഗൻവാടികൾക്ക് പൂരകപോഷകാഹാരം 75/18 | 1200000<br>(വികസന ഫണ്ട്)<br>800000<br>(കേന്ദ്രാ വിഷ്കതം) | 258051 കേന്ദ്രാ വിഷ്കതം)<br>1200000<br>(വികസന ഫണ്ട്) | കേന്ദ്രാ വിഷ്കതത്തിൽ ചെലവ് വന്ന 258051 രൂപയിൽ 194907 രൂപ മാത്രമാണ് ചെലവ് പത്രികയിൽ വന്നിട്ടുള്ളത് |

പദ്ധതി ചെലവുകൾ പൂർണ്ണമായും ചെലവ് പത്രികയിൽ രേഖപ്പെടുത്താതിരിക്കുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല.അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭാവിയിൽ ജാഗ്രത പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് തൂണേരി | 2017-18 | 150000 | മിൽക്ക് സബ്സിഡി | 63778 | 86222 |
| ബ്ലോക്ക് പഞ്ചായത്ത് തൂണേരി | 2017-18 | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ക്ഷീര ഗ്രാമം | 31910 | 167090 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് | ബിൽ | 201400 | ഇല്ല | 201400 |

| | | | | | |
|---|---|---|---|---|---|
| | മീറ്റർ സ്ഥാപിക്കൽ | നം-19/19.01.18 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ നാദാപുരം | 03.03.1997 | | 25000 | ഷെയർ സർട്ടിഫിക്കറ്റ് നം-311 |
| ആകെ | | | | 25000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 22071/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-2 | 720 | അക്ഷയ കമ്പ്യൂട്ടർ സെന്റർ വളയം | 117030100208/15.05.17 |
| 1992-93 | 13 | 307 | ശശി ഒലക്കേന്റവിട | 117030100979/25.08.17 |
| 2014-15 | 3-13 | 7689 | രാജൻ നെല്ലിയുള്ള പറമ്പത്ത് | 117010100300/28.03.18 |

| | | | | |
|---|---|---|---|---|
| 2014-15 | 3-12(2),3-13(2) | 12445 | സുനിൽ കെ | 117010100313/31.03.18 |
| 2014-15 | 3-12.1 | 910 | കെ.പി രവീന്ദ്രൻ | 117010100312/31.03.18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 17 | 2003-04 | 11.13.1.1.107 | നോട്ടുബുക്ക് നിർമ്മാണ പരിശീലന കേന്ദ്രം പ്രവർത്തനം<br>ആരംഭിച്ചില്ല |
| 1999-00 | 9 | 2003-04 | 11.13.5.112 | മൈത്രി ഭവന പദ്ധതി പുരോഗതി റിപ്പോർട്ട് |
| 1999-00 | | 2003-04 | 11.14.117 | തെരുവ് വിളക്കുകൾ കെ.എസ്.ഇ.ബി. നിക്ഷേപം<br>പ്രവൃത്തി പൂർത്തീകരിക്കാത്തത് |
| 2001-02 | 8 | 2004-05 | 11.1.5.7.119 | നേന്ത്രവാഴ സംഘകൃഷി |
| 2001-02 | 12 | 2004-05 | 2.1 | തുടർ പ്രവർത്തനമില്ല |
| വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ | | 2011-12 | 11.1.5.7.119 | പമ്പ് ഹൌസ് നിർമ്മാണം സ്തംഭനത്തിൽ |
| | | 2011-12 | 3.1.19.10.11 | ഇട വിള കൃഷി തുക ചെലവഴിച്ചില്ല. |
| | | 2011-12 | 3.1.12.65 | തുക വകയിരുത്തിയിട്ടും പ്രവൃത്തി നടന്നില്ല. |
| | | 2011-12 | 3.1.12.67 | സമഗ്ര ഇ-കൃഷി ലക്ഷ്യം നേടിയില്ല. |
| | | 2013-14(അവലോകനം) | 6.3.1.187 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി |

| | | | | |
|---|---|---|---|---|
| | | 2013-14(അവലോകലം) | 6.3.1.187 | പ്രോക്യൂർമെന്റ് സൈക്കിൾ |
| 2014-15 | 2-1 | 2016-17 | അനുബന്ധം-4/88 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5/212 | തൊഴിൽ നികുതി അപാകതകൾ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 50494994(മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 48353392 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 20817 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 16115 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 201400 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 20817 | | ശ്രീ മധു മോഹൻ<br>സെക്രട്ടറി (റിട്ടയേർഡ്) വളയം ഗ്രാമപഞ്ചായത്ത് |
| 3-5 | | 16115 | ശ്രീമതി നീതു തങ്കം സി<br>കൃഷി ഓഫീസർ വളയം ഗ്രാമപഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 201400 | ശ്രീ മധു മോഹൻ<br>സെക്രട്ടറി (റിട്ടയേർഡ്) വളയം ഗ്രാമപഞ്ചായത്ത് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|

| | |
|---|---|
| 3-4 | 4490 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ മധു മോഹൻ<br>സെക്രട്ടറി (റിട്ടയേർഡ്)<br>വളയം ഗ്രാമപഞ്ചായത്ത് | | പ്രണവം (വീട്)<br>പേരോട് (പി.ഒ)<br>673504 (പിൻ) |
| ശ്രീമതി നീതു തങ്കം സി<br>കൃഷി ഓഫീസർ<br>വളയം ഗ്രാമപഞ്ചായത്ത് | | ചോയിങ്ങൽ (വീട്)<br>ഇരുമ്പുഴി (പി.ഒ)<br>676509 (പിൻ) |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | എൽ.എഫ്.എസ്.1/823/07/5.10.07 | 3 | 8,9,17 |
| 2003-04 | എൽ.എഫ്.എസ്.1/1396/07/5.10.07 | 6 | 2-3,2-4,3-4,3-5,3-7,3-10 |
| 2004-05 | എൽ.എഫ്.പി 5/1349/09/12.1.10 | 1 | 3-8 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.എസ്/805 /08/2.12.08 | 5 | 2-7,3-2,3-10,3-13,3-16 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി5/321 /10/3.2.10 | 3 | 2-1,2-7(1-4),3-8 |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി.എസ്1/1339 /10/26.04.11 | 3 | 3-10(2),3-11,3-14 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.എസ്1/1339 /10/26.04.11 | 2 | 3-4,3-3(1) |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി11/72 /13/4.2.13 | 17 | 3-1,3-2,3-3,3-4,3-5,3-6,3-7,3-8, 3-9,3-10,3-11,3-12,3-13,3-14, 3-15,3-16,3-17 |
| 2011-12&12-13 | എൽ.എഫ്.കെ.കെ.ഡി.പി11/1875 /13/9.01.14 | 10 | 3-1,3-2,3-3,3-4,3-5,3-7,3-8, 3-9,3-10,4-4 |
| 2013-14&2014-15 | കെ.എസ്.എകെ.കെ..ഡി.പി11/28 /16/25.03.17 | 28 | 2-12-3,2-4(1,3),2-4(2),2-4(4), 3-1(1-2),3-3,3-5,3-6,3-7,3-8,3-9, 3-11 മുതൽ 3-15 വരെ,3-17,3-18, 3-20 മുതൽ 3-27 വരെ, |
| 2015-16 | കെ.എസ്.എകെ.കെ..ഡി.പി11/2196 /16/03.11.2017 | 17 | 2-2,2-3,3-3,3-4,3-5,3-6,3-7, 3-8,3-9,3-10,3-11,3-12,3-13, 3-14,3-15,3-17,3-19 |
| 2016-17 | കെ.എസ്.എകെ.കെ..ഡി.പി11/1399 /17/08.12.17 | 12 | 2-4,2-5,3-1,3-2,3-3(1,3),3-4 മുതൽ 3-10 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം:കെ.എസ്.എ.കെ.കെ.ഡി. പി13/2496/2018 തീയതി: 26.12.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വളയം ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്